MY LORD, MY GOD

# Bulletin

DIOCESE OF IRINJALAKUDA

JULY 2012

Book : 33 Volume : 7

P.B. No. 59, Irinjalakuda - 680121
Phone : 2826830, 2826820
Website : www.irinjalakudadiocese.com
E-mail : ijkbph@gmail.com

## ഉള്ളടക്കം

1. ഇടയശബ്ദം .......... 02
2. കച്ചേരിക്കാര്യങ്ങൾ .......... 04
3 വിജ്ഞാപനം .......... 06
4. Decree of Sahrdaya College .......... 07
5. Decree of Administration Tribunal .......... 09
6. സർക്കുലർ–യുവജനദിനം .......... 11
7. സർക്കുലർ–മിഷൻ ഫണ്ട് .......... 18
8. പാസ്റ്ററൽ കൗൺസിൽ സമ്മേളന റിപ്പോർട്ട് .......... 20
9 ബ്ലസ് എ ഹോം .......... 23
10 മതബോധനം .......... 25
11 സഭാവാർത്തകൾ .......... 27
12 സംഘടനാവാർത്തകൾ
   സി.എൽ.സി. .......... 29
   അവാർഡ് .......... 30
   ചെറുപുഷ്പ മിഷൻ ലീഗ് .......... 31
   സ്പിരിച്വാലിറ്റി സെന്റർ .......... 32
   കെ.സി.വൈ.എം. .......... 33
   ബി.എൽ.എം. .......... 34
   സോഷ്യൽ ആക്ഷൻ .......... 35
   തിരുഹൃദയഭവനം സെമിനാരി .......... 36
   കാത്തലിക് മൂവ്മെന്റ് .......... 37
   സാൻജോസദൻ .......... 38
   സെന്റ് പോൾസ് മൈനർ സെമിനാരി .......... 39
   നവചൈതന്യ .......... 40
   ഫ്രാൻസിസ്കൻ അസോസിയേഷൻ .......... 41
   കരിസ്മാറ്റിക് മൂവ്മെന്റ് .......... 41
   ചെന്നൈ മിഷൻ .......... 42
13 ഇടയന്റെ നാളെകൾ .......... 44
14 ഇടയന്റെ ഇന്നലെകൾ .......... 45

# ഇടയശബ്ദം



ഏറ്റവും സ്നേഹമുള്ള വൈദിക സുഹൃത്തുക്കളെ, പ്രിയ സമർപ്പിതരെ, മിശിഹായിൽ വാത്സല്യ സഹോദരി സഹോദരന്മാരെ,

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പഠനങ്ങളിൽ പ്രധാനപ്പെട്ടൊരു ദർശനമാണ് 'സഭ ദൈവജനം' എന്ന നിർവ്വചനം. പ്രവേശക കൂദാശകൾവഴി ദൈവജനത്തിന്റെ അംഗങ്ങളായിത്തീരുന്നവരെല്ലാം ഒരേ കുടുംബത്തിലെ അംഗങ്ങളും പരസ്പരം സഹോദരരുമാണ്. വിശുദ്ധിയിലേക്ക് വിളിക്കപ്പെടുന്നവർ വിവിധ രീതികളിലാണെങ്കിലും ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും പ്രവാചക ദൗത്യത്തിലും രാജകീയ ദൗത്യത്തിലും പങ്കുകാരാകുന്നു. എല്ലാവരും ലക്ഷ്യം വയ്ക്കുന്നത് അടിസ്ഥാനപരമായ ഒരേ ഒരു വിശുദ്ധിയാണ്.

വൈദികരും സമർപ്പിതരും അല്മായ സഹോദരരും ഒരേ ശരീരത്തിലെ അവയവങ്ങളെപ്പോലെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ശരീരവളർച്ച പൂർണ്ണമാകുന്നത് പരസ്പരം സഹകരിച്ച് ദൗത്യനിർവ്വഹണം നടത്തുമ്പോഴാണ്. ദൗത്യം നിർവ്വഹിക്കാത്ത അവയവങ്ങൾ ശരീരത്തിന് ഉപകാരമില്ലാതാകും. അവ ക്ഷയിച്ചുപോകും. ശരീരത്തിന്റെ വളർച്ച മുരടിച്ചു പോകുകയും ചെയ്യും. സഭയിൽ ഇന്ന് പൗരോഹിത്യശുശ്രൂഷ കാര്യക്ഷമമായി നടക്കുവാൻ ആവശ്യമായ പരിശീലന പദ്ധതിയുണ്ട്. സമർപ്പിത ജീവിതപരിശീലനവും ഇന്നുണ്ട്. എന്നാൽ അല്മായ ദൗത്യനിർവ്വഹണത്തിന് ആവശ്യമായ പരിശീലനത്തിന്റെ കുറവ് സഭയിൽ ഏറെ പ്രകടമാണ്. അല്മായ സഹോദരർ പ്രേഷിതദൗത്യം നിർവ്വഹിക്കേണ്ടത് അവരവരുടെ പ്രവർത്തനമേഖലയിൽ സുവിശേഷമൂല്യങ്ങൾക്ക് സാക്ഷ്യം വഹിച്ചുകൊണ്ടാണ്. ഭൗതിക വ്യവസ്ഥിതിയെ സുവിശേഷ ചൈതന്യത്താൽ സമ്പന്നമാക്കണം. വിദ്യാലയം, കുടുംബം, യുവജനസമൂഹം, രാഷ്ട്രീയം, സാമൂഹികരംഗം, സാംസ്കാരികതലം തുടങ്ങിയവ പ്രത്യേക പ്രേഷിതരംഗങ്ങളാണ്. അല്മായപ്രേഷിതദൗത്യം വ്യക്തിപരമായും കുടുംബങ്ങളിലും സമൂഹതലങ്ങളിലും നിർവഹിക്കാം. ഈ ദൗത്യത്തിന് പകരം നിൽക്കുവാൻ മറ്റൊന്നില്ല. പ്രത്യേ

കിച്ച് വൈദികർക്കും സമർപ്പിതർക്കും സ്വതന്ത്രമായി പ്രവർത്തിക്കുവാൻ കഴിയാത്ത സ്ഥലങ്ങളിലും സാഹചര്യങ്ങളിലും അല്മായ പ്രേഷിതത്വത്തെ പ്രോത്സാഹിപ്പിക്കുവാൻ എല്ലാവരും തയ്യാറാകണം. അവ സഭയുടെ വളർച്ചക്ക് അനുഗുണമാകുവാൻ ക്രമീകരിക്കുകയും വേണം.

മൂന്ന് കാര്യങ്ങൾ ഈ അവസരത്തിൽ പ്രായോഗികമായി നിർദ്ദേശിക്കട്ടെ.

1. അല്മായ സഹോദരങ്ങളടങ്ങുന്നതാണ് സഭയെന്ന വീക്ഷണം ഉൾക്കൊണ്ട് സഭാപ്രവർത്തനങ്ങളിൽ കാര്യക്ഷമമായ പങ്കാളിത്തം നൽകണം. സഭയെ കെട്ടിപ്പടുക്കുവാൻ ഉതകുന്ന വിധത്തിൽ സഭയോടൊത്ത് ചിന്തിക്കുവാനും ക്രിസ്തുചൈതന്യത്തിൽ പ്രവർത്തിക്കുവാനും അവരെ പ്രോത്സാഹിപ്പിക്കണം.

2. പൗരോഹിത്യശുശ്രൂഷയുടെ നിർവ്വഹണത്തിൽ വൈദികർ സജീവശ്രദ്ധ ചെലുത്തുവാനും അല്മായ പങ്കാളിത്ത വേദികൾ അല്മായർക്ക് വിട്ടുകൊടുക്കുവാനും തയ്യാറാകണം. അല്മായരാകട്ടെ പൗരോഹിത്യശുശ്രൂഷാരംഗങ്ങൾ ഏറ്റെടുക്കുവാനും നിർവ്വഹിക്കാനുമുള്ള അനാവശ്യമായുള്ള താല്പര്യം ഒഴിവാക്കണം.

3. ഇവ പ്രായോഗികമാകണമെങ്കിൽ സഭയെക്കുറിച്ചും ദൈവവചനത്തെക്കുറിച്ചും പാരമ്പര്യത്തെക്കുറിച്ചും സാമൂഹികസഭാപ്രബോധനങ്ങളെക്കുറിച്ചും ആഴമേറിയ അറിവ് നേടണം. അതിനുള്ള പരിശീലനപദ്ധതികളിൽ പങ്കെടുക്കണം. എഴുതപ്പെട്ട വചനമാകുന്ന ബൈബിൾ രൂപപ്പെട്ടത് പാരമ്പര്യങ്ങളിൽനിന്നാണ്. സഭയിലെ എല്ലാ പാരമ്പര്യങ്ങളും എഴുതപ്പെട്ടിട്ടില്ല. തന്മൂലം എഴുതപ്പെട്ട വചന വും സഭാപാരമ്പര്യങ്ങളും പഠിച്ചവരാകണം സഭയിൽ വചനം പ്രഘോഷിക്കേണ്ടത്. പൗലോസ് അപ്പസ്തോലൻ വർഷങ്ങളോളം പരിശീലനം നേടിയതിനുശേഷമാണ് ദൗത്യനിർവ്വഹണം ആരംഭിച്ചത്.

ദൈവവചനം പഠിക്കുവാനും സഭാപാരമ്പര്യങ്ങളും സഭാപിതാക്കന്മാരുടെ പഠനങ്ങളും ഹൃദിസ്ഥമാക്കുവാനും ദൈവശാസ്ത്രം, സഭാനിയമം തുടങ്ങിയവ മനസ്സിലാക്കുവാനും എല്ലാവരും തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. ദുക്റാന തിരുനാൾ ആചരിക്കുന്ന ഈ അവസരത്തിൽ തോമാശ്ലീഹായുടെ മാധ്യസ്ഥസഹായം ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു

ഇരിങ്ങാലക്കുട
23. 06. 2012

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ



# കച്ചേരി കാര്യങ്ങൾ

1 **ജൂലൈ 3 ചൊവ്വ ദുക്റാന തിരുന്നാൾ, സീറോമലബാർ സഭാ ദിനം**

കടമുള്ള ദിവസം. ഭാരതത്തിൽ ക്രിസ്തീയ വിശ്വാസദീപം തെളിയിച്ച നമ്മുടെ പിതാവായ മാർ തോമാശ്ലീഹായെ നമുക്ക് അനുസ്മരിക്കാം. മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ പ്രവർത്തന ങ്ങൾക്കായി ആളൊന്നിന് ഒരു രൂപ വീതം പ്രത്യേകം പിരിവെടുത്ത് രൂപതാ ഫൈനാൻസ് ഓഫീസറെ ഏല്പിക്കേണ്ടതാണ്.

2. **നാമഹേതുക തിരുനാൾ**

**ജൂലൈ 25-ാം** തിയ്യതി **നാമഹേതുക തിരുനാളും ജൂലൈ 26-ാം** തിയ്യതി ജന്മദിനവും ആഘോഷിക്കുന്ന **അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവിന്** തിരുനാളിന്റെയും പിറന്നാളിന്റെയും സ്നേഹനിർഭരമായ പ്രാർത്ഥനാശംസകൾ!

3. **ജൂലൈ 20 Presbyterium**

രൂപതയിലെ എല്ലാ വൈദികരും കല്ലേറ്റുംകര PACS-ൽ ഉച്ചയ്ക്ക് 12.30-ന് സമ്മേളിക്കുന്നു.

5. **ജൂലൈ 8 - യുവജനദിനം**

യുവജനങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ. അന്നേദിവസം പ്രത്യേകം പിരി വെടുത്ത് രൂപതാ ഫിനാൻസ് ഓഫീസറെ ഏൽപിക്കേണ്ടതാണ്.

6. **ദൈവവിളി രജിസ്റ്റർ**

ദൈവവിളി സ്വീകരിച്ച് പല സ്ഥലങ്ങളിലേയ്ക്കും നമ്മുടെ രൂപതയിൽ നിന്ന് അർത്ഥികളും അർത്ഥിനികളും പോകുന്നുണ്ട്. എന്നാൽ ചിലർ രൂപതയിൽ പേരു രജിസ്റ്റർ ചെയ്യാതെയാണ് പോകുന്നതെന്ന് മനസ്സിലാക്കുന്നു. തന്മൂലം ബന്ധപ്പെട്ട അധികാരികൾക്ക്, പ്രത്യേകിച്ച് സിവിൽ അധികാരികൾക്ക്, രേഖകൾ കൊടുക്കാൻ സാധിക്കാതെ വരുന്നു. അതിനാൽ മാതാപിതാക്കന്മാർ പ്രത്യേകം ശ്രദ്ധിക്കുക.

ഇക്കാര്യത്തിന് പേരു രജിസ്റ്റർ ചെയ്യാൻ രൂപതാ കാര്യാലയത്തിൽ വരുമ്പോൾ ജനനം, മാമ്മോദീസ, സ്ഥൈര്യലേപനം, കുട്ടിയുടെ സ്വഭാവസർട്ടിഫിക്കറ്റ് എന്നിവയുടെ രേഖകളും വികാരിയച്ചനിൽനിന്ന് വാങ്ങി കൊണ്ടുവരാൻ മറക്കരുത്. രക്ഷിതാക്കളും കൂടെ വരേണ്ടതാണ്.

**7 ജൂലൈ 28**

വി. അൽഫോൻസാമ്മയുടെ തിരുനാൾ.

**8. പഞ്ചദിന ക്യാമ്പ്**

ഈ വർഷത്തെ പഞ്ചദിന ക്യാമ്പ് ഒന്നാം ബാച്ച് സെപ്തംബർ 3 മുതൽ 7 വരെയും രണ്ടാം ബാച്ച് സെപ്തംബർ 17 മുതൽ 21 വരെയുമാണ്. ഓരോ ബാച്ചിലും പങ്കെടുക്കേണ്ട അച്ചന്മാരുടെ പേരുകൾ ഈ ബുള്ളറ്റിനിൽ തന്നെ കൊടുത്തിട്ടുണ്ട്.

**9 ആഗസ്റ്റ് 4**

വി. ജോൺ മരിയ വിയാനിയുടെ തിരുന്നാളാഘോഷവും വൈദിക സംഗമവും ജൂബിലിയാഘോഷവും കല്ലേറ്റുംകര PACS-ൽ രാവിലെ 10 മണിക്ക് ആരംഭിക്കുന്നു.

**10 മാസധ്യാനം**

ആഗസ്റ്റിലെ മാസധ്യാനം അതാതു ഫൊറോനകളിൽ വച്ചായിരിക്കും.

**11 സ്വതന്ത്രസ്ഥിതി സർട്ടിഫിക്കറ്റ്**

വിവാഹ പ്രായമായതിനുശേഷം രൂപതയ്ക്ക് പുറമെ ഒരു വർഷത്തിൽ കൂടുതൽ താമസിച്ചിട്ടുള്ളവർ മനസ്സമ്മതത്തിനു മുമ്പ് സ്വതന്ത്രസ്ഥിതി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. രൂപതയ്ക്ക് പുറമെ ഏറ്റവും അവസാനമായി ഒരു വർഷമെങ്കിലും താമസിച്ചിട്ടുള്ള സ്ഥലത്തെ വികാരിയച്ചന്റെ കൈയിൽനിന്നുമാണ് പ്രസ്തുത സർട്ടിഫിക്കറ്റ് ലഭിക്കേണ്ടത്. വികാരിയച്ചന്റെ കൈയിൽനിന്നും സർട്ടിഫിക്കറ്റ് ലഭിക്കാൻ സാധ്യമല്ലാത്ത സാഹചര്യങ്ങളിൽ പകരം ഗവൺമെന്റ് അധികാരികളുടെയോ സംശയത്തിനതീതരായ മറ്റേതെങ്കിലും വ്യക്തികളുടെയോ സർട്ടിഫിക്കറ്റ് മതിയാകുന്നതാണ്. സ്വതന്ത്രസ്ഥിതി സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ തക്കതായ കാരണങ്ങളാൽ സാധിക്കാത്തവർ മനസ്സമ്മതത്തിന് മുമ്പ് രൂപതാധ്യക്ഷന്റെ അനുവാദം വാങ്ങിയിരിക്കണം (രൂപതാ നിയമാവലി 37-7-2).

രൂപതാ കാര്യാലയം
25. 06. 2012

**മോൺ. ജോസ് ഇരിമ്പൻ**
വികാരി ജനറാൾ.

745/12
27.06.2012

# വിജ്ഞാപനം

യേശുക്രിസ്തുവിൽ സ്നേഹമുള്ള സഹോദരവൈദികരെ, സമർപ്പിതരെ, അല്മായ സഹോദരരെ,

കത്തോലിക്കാവിശ്വാസവും പാരമ്പര്യങ്ങളും സഭാനിയമങ്ങളും ഉപേക്ഷിച്ചും ലംഘിച്ചും ഉതപ്പു നൽകി ജീവിക്കുന്ന നമ്മുടെ സഭാമക്കളെക്കുറിച്ച് നമുക്കേവർക്കും ദുഃഖവും ഉൽക്കണ്ഠയുമുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നതുപോലെ "ഏത് ജീവിതാവസ്ഥയിലും പരിതസ്ഥിതികളിലുമായിരുന്നാലും ക്രിസ്തീയ വിശ്വാസികളെല്ലാവരും ക്രൈസ്തവജീവിതത്തിന്റെ തികവിലേയ്ക്കും ഉപവിയുടെ പൂർണ്ണതയിലേക്കും വിളിക്കപ്പെട്ടിരിക്കുന്നു" (ജനതകളുടെ പ്രകാശം – 40). ആയതിനാൽ സഭാനിയമലംഘനത്തിലൂടെ വിശ്വാസജീവിതത്തിൽനിന്നും അകറ്റപ്പെട്ടവരേയും തെറ്റായ പഠനങ്ങളിലൂടെ സെക്ടുകളുടെ സ്വാധീനത്തിൽ കഴിയുന്നവരേയും സത്യവിശ്വാലത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻ നാം പ്രാർത്ഥന നിറഞ്ഞ മനസ്സോടെ പരിശ്രമിക്കേണ്ടിയിരിക്കുന്നു. മാർ ബെനഡിക്ട് പതിനാറാമൻ പാപ്പ പ്രസ്താവിക്കുന്നതുപോലെ, "വിശ്വാസത്തിന്റെ വാതിൽ" (അപ്പ. 14:27) നമ്മുടെ മുമ്പിൽ എപ്പോഴും തുറന്നു കിടക്കുന്നു. ജീവിതകാലം മുഴുവൻ നിലനിൽക്കേണ്ട ഈ യാത്ര, മാമ്മോദീസായിലൂടെ ആരംഭിച്ച്, മരണത്തിലൂടെ നിത്യജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നതോടെയാണ് അവസാനിക്കേണ്ടത് (cf: വിശ്വാസത്തിന്റെ വാതിൽ – 1). ദൈവവചനവും കൂദാശകളും സ്വീകരിച്ച് കലർപ്പില്ലാത്ത കത്തോലിക്കാവിശ്വാസത്തിൽ ജീവിക്കുവാൻ സാധിക്കുകയെന്നത് എല്ലാ സഭാമക്കളുടെയും അവകാശമാണല്ലോ.

കത്തോലിക്ക സഭാനിയമങ്ങളുടെ വ്യക്തമായ ലംഘനത്തിലൂടെ വിശ്വാസി സമൂഹത്തിന് ഉതപ്പു നൽകി ജീവിക്കുന്നവർക്ക് മാനസാന്തരത്തിലൂടെ സഭാത്മകജീവിതത്തിലേയ്ക്ക് തിരികെ വരാനുള്ള വഴിയൊരുക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ ഒരു സ്പെഷ്യൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് ഞാൻ രൂപം നൽകിയിരിക്കുകയാണ്. സത്യവിശ്വാസം ഏറ്റുപറഞ്ഞു തിരിച്ചുവരാൻ തയ്യാറാകാത്തവർക്ക് സഭാനിയമം അനുശാസിക്കുന്ന അവകാശങ്ങൾക്കും ആനുകൂല്യങ്ങൾക്കും അർഹതയില്ല എന്ന കാര്യവും യഥോചിതം അറിക്കേണ്ടതുണ്ടല്ലോ. ഇക്കാര്യത്തിനായി നമ്മുടെ രൂപതയിലെ ബഹു. വികാരിയച്ചന്മാർ താഴെ പറയുന്ന ജീവിതസാഹചര്യങ്ങളിൽ കഴിയുന്ന വ്യക്തികളേയും പ്രസ്ഥാനങ്ങളേയുംകുറിച്ച് 600/12–ാം നമ്പർ കല്പനപ്രകാരം രൂപീകൃതമായിട്ടുള്ള രൂപതാകാര്യാലയത്തിലെ സ്പെഷ്യൽ അഡ്മിനിസ്ട്രേറ്റീവ്

ട്രൈബ്യൂണലിലേക്ക് എത്രയുംവേഗം രേഖാമൂലം റിപ്പോർട്ട് ചെയ്യണമെന്ന് ഞാൻ നിഷ്ക്കർഷിക്കുന്നു.

1. കത്തോലിക്ക വിശ്വാസത്തിനെതിരായി ജീവിക്കുന്ന ഗ്രൂപ്പുകളിലും/ സെക്ടുകളിലും കഴിയുന്നവരെക്കുറിച്ച്
2. സാധുവായ ഒരു വിവാഹം നിലനിൽക്കുമ്പോൾ നിയമാനുസൃതമായ അനുവാദം സഭാധികാരികളിൽനിന്നും ലഭിക്കാതെ വീണ്ടും വിവാഹബന്ധത്തിൽ പ്രവേശിച്ചവരെക്കുറിച്ച്
3. തിരുസഭ വിലക്കിയിരിക്കുന്ന ആളുകളുമായി വിവാഹം നടത്തിയവരെക്കുറിച്ച്.

ബഹു. വികാരിയച്ചന്മാർ, പ്രതിനിധിയോഗാംഗങ്ങൾ, കുടുംബയൂണിറ്റ് ഭാരവാഹികൾ എന്നിവരുടെ സമ്പൂർണ്ണ സഹകരണം പ്രതീക്ഷിച്ചുകൊണ്ട്

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,



ഇരിങ്ങാലക്കുട
12. 06. 2012

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

---

NB:- ഈ വിജ്ഞാപനം ജൂലൈ 15–ാം തിയ്യതി ഞായറാഴ്ച കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്

---

## Decree of the Institution of the
## SAHRDAYA COLLEGE OF ADVANCED STUDIES
## Kodakara

719/12
22.06.2012

The Catholic college is the place where in a spirit of freedom and love, the young ones are trained to develop their own personality by acquiring knowledge of the world, of life and of humankind illumined by divine faith. It is meant for the formation of the whole human person in such a way that young people, having developed their physical, intellectual and moral talents harmoniously and well versed in moral virtues, may be disposed to know and love God and human beings perfectly. Their knowledge and experience must help them, to evaluate human and moral values with right conscience and accept them in true freedom and must develop a sense of justice and social responsibility to pursue loving fellowship with others.

Sahrdaya College of Advanced Studies, Kodakara belonging to the Sahrdaya Group of Institutions, affiliated to the University of Calicut of the State of Kerala and ventured as per the norms of the Irinjalakuda Diocesan Educational Trust, was inaugurated on 31st December 2011 by the Honorable Chief Minister Oommen Chandy of Kerala in the presence of me and Mr. K. M. Mani, the Finance Minister of Kerala. Now on this propitious occasion of Feast of St. Thomas More, the Patron of Youth and the auspicious memory of the day of the Erection of the Eparchy of Irinjalakuda and as a gift to the Youth of the splendid remembrance of the Diocesan Youth Year 2012, I hereby declare that Sahrdaya College of Advanced Studies, Kodakara as an institution meant for the Integral Formation of all Eligible Youth. The appointment of the staff and recruitment of the students of this institution are subjected to the rules of the University of Calicut, the norms and regulations of the Irinjalakuda Diocesan Educational Trust and Christian Professional College Managements' Federation, Kerala. Hope the courses offered viz., Bachelor's Degree in Computer Application, Bachelor's Degree in Business Administration, Bachelor's Degree in Commerce and Bachelor's Degree in Science- Psychology will help the creative and committed young ones to meet the challenges of the modern society.

May the young ones grow in integrity of virtues and in maturity of values. Let they ever excel in true wisdom according to their God given talents, to work for the good of the human beings by means of the noblest activity of study and by way of the most gracious quality of friendship. I wish that all who are formed in this institution may receive astuteness to excel the qualities of heart and head and thereby become self sufficient in the spiritual, intellectual, social and human levels to be happy and holy persons.

Given from Curia of the Eparchy of Irinjalakuda
On 22nd day of the Month of June, in the Year of the Lord 2012

**Fr. Clement Chirayath**
Chancellor

**Mar Pauly Kannookadan**
Bishop of Irinjalakuda

600/12
08.06.12

# Decree

## Constitution of Special Administrative Tribunal

Whereas certain Catholics have been associating themselves with scandalous and prohibited groups / Sects which go against divine and Catholic faith(CCEO cc.1436&1437); whereas certain Catholics held to a bond of prior marriage, invalidly attempted marriage (CCEO c.802§1); whereas certain Catholics are in notorious or public concubinage (CCEO c.810§1,2); whereas certain Catholics attempted marriage with non baptized (CCEO c.803§1); whereas certain Catholics attempted marriage with non Catholics (CCEO c.813); whereas all those persons involved in controversial issues are entitled to a fair and impartial hearing (CCEO cc.24&1486§1 ); whereas a diligent investigation seeking to discover the pertinent facts is necessary before issuing a disciplinary Decree; whereas I am aware that such an administrative act of individual precept is required to ensure the communion of Christian faithful and integrity of faith and morals and submission to the lawful superiors of the Church and to take care to avoid whatever is not in harmony with the teaching of the Church (CCEO c.599); and whereas I am moved by pastoral solicitude concerning the salvation of souls and the public good in the Eparchy (CCEO c.1519);and whereas I have maturely considered everything and having made due deliberations and consultations as per norms of Law, I hereby constitute a Special Administrative Tribunal (CCEO c.1086§2)with the following persons as its members:

| | | |
|---|---|---|
| 1) | V. Rev. Fr. Joy Paliakkara | (President) |
| 2) | Rev.Dr.Joseph Kanamkudam | (Secretary) |
| 3) | Rev.Fr. Thomas Pudussery | (Member) |
| 4) | V.Rev.Dr.Antu Alappadan | (Member) |
| 5) | Adv.Baby Manikkathuparambil | (Member) |
| 6) | Adv. Thomas E.T. | (Member) |
| 7) | Adv. Johnson K.J. | (Member) |

They are hereby requested to bring about primarily reconciliation, bringing back the erring sheep and to treat appropriately the illness of those who have committed offences, by correcting,

constantly teaching and never loosing patience (CCEO c.1103; CCEO c.1401) and enabling them to adhere to the Catholic teachings. If it is not likely to bring about a desired result in spite of constant and repeated efforts, they are hereby asked to make recommendations to me '*ad casum*' with a view to issuing a disciplinary Decree as per the norms of Canon Law. They can obtain the required information by way of declaration of the parties, public and private documents including civil as well as ecclesiastical, witnesses and testimonies, dialogue or discussion that may follow the submission of facts by way of petitions and responses(CCEO cc.1207-1266), so that objective truth may emerge.

All contrary dispositions are not withstanding.

Given this from the Eparchial Curia, Irinjalakuda, on the 8th of June, 2012, feast of Blessed Mariam Thressia.






**Fr. Clement Chirayath**
Chancellor

**MAR PAULY KANNOOKADAN**
Bishop of Irinjalakuda

---

## പ്രത്യാശ കൗൺസലിങ്ങ് സെന്റർ

### ഇരിങ്ങാലക്കുട

ഒരുവനും ജീവിതം ഏകനായ് നടന്നു തീർക്കുന്നില്ല..... യാത്രാ വഴികളിൽ ഇടറി നിൽക്കുന്നവർക്ക് ഒരു കൈത്താങ്ങാവാൻ നിങ്ങൾക്ക് സാധിക്കുമോ? ഇരിങ്ങാലക്കുട രൂപതയുടെ കീഴിലുള്ള പ്രത്യാശയിൽ (ക്രൈസിസ് കൗൺസിലിങ്ങ് സെന്ററിൽ) വൊളണ്ടിയർ ആയി സേവനം ചെയ്യാൻ താൽപര്യമുള്ളവരെ ക്ഷണിക്കുന്നു. കൗൺസലിങ്ങോ അതിനോടനുബന്ധിച്ചുള്ള കോഴ്സുകളിലോ പങ്കെടുത്തിട്ടുള്ളവർക്കും, ഈ മേഖലയിൽ പ്രവർത്തിക്കാൻ താല്പര്യമുള്ളവർക്കും പ്രത്യേക ട്രെയിനിങ്ങ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചിരിക്കുന്നു. താല്പര്യമുള്ളവർ ജൂലൈ 15–ന് മുമ്പ് പേരുകൾ തരേണ്ടതാണ്.

ഫോൺ : 09496347939, 0480–2825882

**ഫാ. ലിജു പോൾ പറമ്പത്ത്**
ഡയറക്ടർ

# യുവജനദിനം 2012

## ജൂലൈ 8, ഞായർ

## കെ.സി.ബി.സി. യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

*കർത്താവിൽ വാത്സല്യമുള്ള യുവജനങ്ങളേ, സഹോദരീ സഹോദരന്മാരേ,*

1. ആഗോളസഭയുടെ പ്രത്യേകമായ ചിന്തയ്ക്ക് എന്നും വിഷയീഭവിച്ചിട്ടുള്ള യുവജനങ്ങളും യുവജനപ്രേഷിതത്വവും കേരള കത്തോലിക്കാസഭയും ഏറെ ഗൗരവപൂർവ്വമാണ് കാണുന്നത്. അതുകൊണ്ടുതന്നെയാണ് "എന്റെ കർത്താവേ എന്റെ ദൈവമേ" എന്ന് പറഞ്ഞ് വിശ്വാസത്തിന്റെ ആഴം അനുഭവിച്ചറിഞ്ഞ അപ്പസ്തോലനായ മാർ തോമ്മാശ്ലീഹായുടെ ഓർമ്മത്തിരുന്നാളായ ദുക്റാനയ്ക്ക് ശേഷം വരുന്ന ഞായറാഴ്ച സഭ ഏറെ പ്രാധാന്യത്തോടെ യുവജനദിനമായി ആചരിക്കുന്നത്. വിശ്വാസത്തിൽ ആഴപ്പെടുത്തി വിശ്വാസത്തിന്റെ പ്രഘോഷകരും വിശ്വസ്ത പങ്കാളികളുമായി യുവജനങ്ങളെ വാർത്തെടുക്കുക എന്ന ഉത്തരവാദിത്വത്തിന്റെ പ്രാധാന്യവും യുവജനങ്ങൾ അതിനോട് ക്രിയാത്മകമായി പ്രത്യുത്തരിക്കുന്നതിന്റെ ആവശ്യകതയും വിശ്വാസികളെ മുഴുവൻ ഓർമ്മപ്പെടുത്തുക എന്നതാണ് യുവജനദിനാചരണത്തിന്റെ ഒരു വലിയ ലക്ഷ്യം. വിശ്വാസവർഷാചരണത്തിലേക്ക് കത്തോലിക്കാസഭ പ്രവേശിക്കാൻ ഒരുങ്ങുകയാണ്. ലോകം മുഴുവൻ മിശിഹായ്ക്ക് സാക്ഷ്യം വഹിച്ചുകൊണ്ട് സമൂഹത്തെ നവജീവനിലേക്കും നന്മയിലേക്കും നയിക്കുന്ന സഭയുടെ പ്രവർത്തനങ്ങളിൽ യുവജനങ്ങളുടെ പങ്ക് ഈ വിശ്വാസ വർഷാചരണത്തിൽ പ്രസക്തമാണ്. 2012 ഒക്ടോബർ 11–ന് ആരംഭിച്ച് 2013 നവംബർ 24 ന് ക്രിസ്തുനാഥന്റെ രാജത്വത്തിരുന്നാൾ ദിനത്തിൽ സമാപിക്കുന്ന വിശ്വാസവർഷാചരണത്തെ മുന്നിൽ കണ്ടുകൊണ്ട് കേരളസഭയിലെ യുവജനങ്ങളും യുവജനശുശ്രൂഷകരും സഭയിലെ വിശ്വാസികൾ മുഴുവനും ധ്യാനാത്മകമായി ചിന്തിയ്ക്കുകയും കൂട്ടായ്മയിൽ ഫലവത്തായി പ്രവർത്തിക്കുകയും ചെയ്യുന്നത് ഈ കാഘട്ടത്തിൽ പ്രസക്തമാണ്.
2. അടുത്ത ലോകയുവജനദിനാഘോഷം ബ്രസീലിലെ റിയോ ഡി ജനീറോയിൽ നടക്കുമ്പോൾ പരിശുദ്ധ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ യുവജനങ്ങൾക്ക് പ്രത്യേകം പഠനത്തിനും പരിചിന്തനത്തിനുമായി നല്കിയിരിക്കുന്ന ചിന്താവിഷയം "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ. 28:19) എന്നതാണ്. വിശ്വാസവർഷാചരണത്തിൽ ഏറെ പ്രസക്തമായ ഒരു ചിന്താവിഷയമാണിത്. വിശ്വാസജീവിതത്തിലൂടെ ലോകം മുഴുവൻ ക്രിസ്തുവിന്റെ സാക്ഷികളാകാൻ യുവജനങ്ങളോട് സഭ

ആവശ്യപ്പെടുകയാണ്. ഇതിന്റെ വെളിച്ചത്തിലാണ് ഈ വർഷത്തെ ലോക യുവജനദിനാചരണത്തിന്റെ വിഷയമായി "എപ്പോഴും നമ്മുടെ കർത്താവിൽ സന്തോഷിക്കുവിൻ" (ഫിലി. 4:4) എന്ന ബൈബിൾ വചനം നമ്മുടെ ചിന്തയ്ക്കും പ്രവർത്തനത്തിനുമായി പങ്കുവച്ചത്. പരിശുദ്ധ പിതാവ് നല്കിയ യുവജനദിന സന്ദേശത്തിലെ ഏതാനും ചില ചിന്തകൾ പ്രത്യേകമായി അനുസ്മരിക്കേണ്ടതുണ്ട്.

3. നമ്മുടെ ഹൃദയങ്ങൾ സന്തോഷത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടവയാണ്. നമ്മുടെ അനുദിന ജീവിതത്തിലും സാഹചര്യങ്ങളിലും കർത്താവ് നല്കുന്ന സന്തോഷത്തെ അനുഭവിച്ചറിയാനും സ്വായത്തമാക്കാനും നമുക്ക് സാധിക്കണം. യഥാർത്ഥമായ സന്തോഷത്തിന്റെ ഉറവിടം ദൈവമാണെന്ന തിരിച്ചറിവിലേക്ക് യുവജനങ്ങൾ കടന്നുവരണം. ക്ഷണിക സന്തോഷങ്ങൾ നല്കുന്ന നിരവധിയായ കാര്യങ്ങൾ നമുക്ക് അനുദിന ജീവിതത്തിൽ ചെയ്യാനാവും. എന്നാൽ, ആത്യന്തികവും പൂർണ്ണവുമായ സന്തോഷം ദൈവത്തിലെ കണ്ടെത്താനാകൂ. ക്രിസ്തുവുമായുള്ള കണ്ടെത്തലിലൂടെ അഗാധമായ ക്രൈസ്തവ സന്തോഷം നമ്മുടെ ഹൃദയങ്ങളിലേക്ക് കവിഞ്ഞൊഴുകട്ടെ.

4. സന്തോഷം വിശ്വാസത്തിന്റെ ഫലമാണ്. 'പ്രിയ സുഹൃത്തുക്കളേ, നിങ്ങളുടെ അനുദിന ജീവിത സംഭവങ്ങളിൽ മറഞ്ഞിരിക്കുന്ന ദൈവത്തെ കണ്ടെത്തുവിൻ' എന്ന് പരിശുദ്ധ പിതാവ് നമ്മെ ആഹ്വാനം ചെയ്യുന്നു. ജെറെമിയ പ്രവാചകൻ ഇപ്രകാരം എഴുതുന്നു; "അങ്ങയുടെ വചനം കണ്ടെത്തിയപ്പോൾ ഞാൻ അവ ഭക്ഷിച്ചു. അവ എനിക്ക് ആനന്ദാമൃതമായി. എന്റെ ഹൃദയത്തിന് സന്തോഷവും" (ജറെ. 15:16). വിശുദ്ധ ലിഖിതങ്ങൾ വായിക്കാനും പഠിക്കാനും അത് ജീവിതത്തിന്റെ ഭാഗമാക്കാനും അങ്ങനെ ജീവിതത്തിൽ ദൈവം നല്കുന്ന സന്തോഷത്തെ അനുഭവിച്ചറിയാനും നമുക്ക് കഴിയണം.

5. സന്തോഷം സ്നേഹവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. നമ്മുടെ സുഹൃദ്ബന്ധങ്ങളിൽ, കുടുംബ ബന്ധങ്ങളിൽ, സമൂഹ ബന്ധങ്ങളിൽ സ്നേഹത്തിന്റെ ഒരു സംസ്കാരം കെട്ടിപ്പടുക്കാൻ നമുക്കാവണം. യുവജനങ്ങൾ ഈ സ്നേഹത്തെ കണ്ടെത്താനും അനുഭവിക്കാനും കൂടുതൽ ആഗ്രഹമുള്ളവരാണ്. നാം ആത്മാർത്ഥതയും വിശ്വസ്തതയും ഉള്ളവരായിരിക്കണമെന്ന് നമ്മുടെ സുഹൃത്തുക്കൾ പ്രതീക്ഷിക്കുന്നുണ്ട്. സ്നേഹത്തിന്റെ സന്തോഷം അനുഭവിക്കണമെങ്കിൽ നാം ഉദാരതയുള്ളവരായിരിക്കണം. നമ്മുടെ ജീവിതങ്ങളെ മറ്റുള്ളവർക്ക് നന്മയ്ക്കായ് വിട്ടുകൊടുക്കുന്ന ഔദാര്യത്തിന്റെ സന്തോഷം നാം അനുഭവിച്ചറിയണം. വൈദിക, സന്ന്യസ്ത ജീവിതത്തിന്റെ സ്വയം സമർപ്പണത്തിലേക്ക് യുവജനങ്ങൾ തീക്ഷ്ണതയോടെ കടന്നുവരണം. ദൈവത്തോടുകൂടെ ആയിരിക്കുവാനും സകലതും പരിത്യജിക്കുവാനും പൂർണ്ണഹൃദയത്തോടെ മറ്റുള്ളവർക്ക് സേവനം

ചെയ്യുവാനുമുള്ള അവിടത്തെ ക്ഷണത്തിന് പ്രത്യുത്തരം നല്കുന്ന എല്ലാവരെയും അവിടന്ന് സന്തോഷം കൊണ്ട് നിറയ്ക്കുമെന്ന് തീർച്ചയുണ്ട്. വൈവാഹിക ജീവിതത്തിന്റെ പരിശുദ്ധിയിലും സ്വയം സമർപ്പണത്തിലും വിശ്വസ്തതയിലും ദൈവത്തിന്റെ സന്തോഷത്തെ അനുഭവിച്ചറിയാനും ആധുനിക ലോകത്തിന് മാതൃകയാകാനും സാധിക്കണം. പങ്കുവയ്ക്കലിന്റെയും പരസ്പര ശ്രദ്ധയുടെയും താത്പര്യത്തിന്റെയും സവിശേഷ സ്ഥാനങ്ങളായി നമ്മുടെ ക്രൈസ്തവ സമൂഹങ്ങൾ നിലകൊള്ളാൻ വേണ്ട എല്ലാ പരിശ്രമവും യുവജനങ്ങൾ നടത്തണം.

6. സമ്പത്ത് സന്തോഷം ഉറപ്പാക്കുകയില്ലെന്ന് അനുഭവം നമ്മെ പഠിപ്പിക്കുന്നുണ്ട്. താല്ക്കാലിക സുഖങ്ങളും നേട്ടങ്ങളും അന്വേഷിക്കാൻ ആധുനിക സംസ്കാരം നമ്മെ മിക്കപ്പോഴും സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുന്നു. എന്നാൽ ഉപഭോഗപരമായ ചിന്തയിലേക്ക് നയിക്കുന്ന ഇത്തരം മിഥ്യയായ സന്തോഷവാഗ്ദാനങ്ങൾ നാം ഉപേക്ഷിക്കണം. ഭൗതിക സമ്പത്തുകളാൽ ചുറ്റപ്പെട്ടിരിക്കുന്ന മനുഷ്യർ നിരാശ, ദുഖം, ശൂന്യത എന്നിവയിൽ നിറഞ്ഞിരിക്കുന്നവരാണ് എന്ന അനുഭവം നമ്മെ യഥാർത്ഥ സന്തോഷത്തിലേക്ക് നയിക്കണം. സുസ്ഥിരമായ സന്തോഷമുണ്ടാകുന്നതിന് നാം സ്നേഹത്തിലും സത്യത്തിലും ജീവിക്കണം. അതാണ് യഥാർത്ഥ വിശ്വാസ ജീവിതം.

7. മാർപാപ്പ തുടരുന്നു 'നിങ്ങൾ സന്തോഷത്തിന്റെ മിഷണറിമാരാകണം. ദൈവത്തിൽ നിന്നുള്ള യഥാർത്ഥ സന്തോഷം നാം നമ്മുടെ വിശ്വാസജീവിതത്തിന്റെ ഭാഗമാക്കുകയും ആ സന്തോഷത്തിന്റെ സാക്ഷ്യം പങ്കുവയ്ക്കുകയും ചെയ്യണം. സന്തോഷം പൂർണ്ണമാകുന്നത് അത് കൊടുക്കുമ്പോഴാണ്. നമ്മുടെ ജീവിതങ്ങൾ വിശ്വാസാനുഭവത്തിന്റെ സാക്ഷ്യങ്ങളാകുമ്പോൾ യഥാർത്ഥ സന്തോഷാനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ നമുക്ക് സാധിക്കും. യഥാർത്ഥവും പൂർണ്ണവും സ്ഥായിയുമായ സന്തോഷം കൊണ്ടുവരുന്ന ഒന്നാണ് വിശ്വാസമെന്ന് ലോകത്തിന് കാണിച്ചുകൊടുക്കുക. അതു യുവ അനുയായികളായ നിങ്ങളുടെ കടമയാണ്. ഇരുളടഞ്ഞതും വിരസവുമായ ജീവിതങ്ങൾക്ക് വിശ്വാസത്തിന്റെ സന്തോഷപ്രദവും സുഖപ്രദവുമായ വശം കാണിച്ചുകൊടുക്കണം. സഹിക്കുന്നവരിലേക്കും അന്വേഷിക്കുന്നവരിലേക്കും യേശു നല്കാൻ ആഗ്രഹിക്കുന്ന സന്തോഷം നല്കണം. അത് നമ്മുടെ വിശ്വാസപ്രഘോഷണമാണ്. വിശ്വാസത്തിന്റെ ആ സന്തോഷം നിങ്ങളുടെ കുടുംബങ്ങളിലേക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും ജോലി സ്ഥലങ്ങളിലേക്കും നിങ്ങളുടെ സുഹൃത്തുക്കളിലേക്കും – നിങ്ങൾ ജീവിക്കുന്ന എല്ലായിടത്തും – കൊണ്ടു ചെല്ലണം. ക്രൈസ്തവ വിശ്വാസ കൈമാറ്റത്തിന്റെ ഉത്തമ സ്രോതസ്സായി യുവജനങ്ങളുടെ വിശ്വാസ ജീവിതം മാറണം'. പ്രിയ യുവജന സുഹൃത്തുക്കളേ, കുമ്പസാരമെന്ന കൂദാശയുടെ സന്തോഷാനുഭവത്തിലേക്ക് നിങ്ങൾ കൂടക്കൂടെ കട

ന്നുവരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ആത്മാർത്ഥതയോടും വിശ്വസ്ത തയോടും കൂടിയ ഈ കൂദാശ സ്വീകരണം യഥാർത്ഥ വിശ്വാസാനുഭവം പങ്കുവയ്ക്കുന്നതിനു നമ്മെ സഹായിക്കും.

8. വിശ്വാസത്തെക്കുറിച്ചുള്ള സവിശേഷമായ വിചിന്തനത്തിന്റെയും വീണ്ടും കണ്ടെത്തലിന്റെയും ഒരു കാലഘട്ടത്തിലേക്ക് സഭ മുഴുവനെയും, പ്രത്യേ കിച്ച് യുവജനങ്ങളെ വളർത്താനുള്ള നല്ലൊരവസരമാണ് ഈ വിശ്വാസ വർഷാചരണം. ആഗോള കത്തോലിക്കാസഭയുടെ വിശ്വാസ വർഷാചര ണത്തിന് ഉപോദ്ബലകമായി ഏതാനും പ്രത്യേകതകൾ കാണാവുന്നതാ ണ്. ഒന്നാമതായി, സഭയുടെ വിശ്വാസ സാക്ഷ്യത്തിന്റെ മാഗ്നാക്കാർട്ടയെന്ന് വിശേഷിപ്പിക്കാവുന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുകൂട്ടിയ തിന്റെ സുവർണ്ണ ജൂബിലിയുടെ ആരംഭം (1962 ഒക്ടോബർ 11). കൗൺസി ലിന്റെ സമാപന സന്ദേശം വളരെ പ്രത്യേകമായി യുവജനങ്ങൾക്ക് നല്കു ന്നത് യുവജനങ്ങളെ സഭയുടെ ഭാവി പ്രതീക്ഷയായി കണ്ടുകൊണ്ടാണ്. ഇതോടനുബന്ധിച്ച് നവസുവിശേഷവത്കരണത്തെക്കുറിച്ചുള്ള സാർവ്വ ത്രിക സഭയുടെ 13–ാമത് സിനഡ് 2012 ഒക്ടോബർ 7 മുതൽ 28 വരെ നട ക്കുന്നു. രണ്ടാമതായി, കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം പ്രസി ദ്ധീകരിച്ചതിന്റെ 20–ാം വാർഷികം (1992 ഒക്ടോബർ 11). കൗൺസിൽ പ്രമാണരേഖകളുടെ ആഴമാർന്ന പഠനം, കത്തോലിക്കാ സഭയുടെ മത ബോധന ഗ്രന്ഥത്തിന്റെയും യുവജന മതബോധനഗ്രന്ഥത്തിന്റെയും വ്യാപനം എന്നിവ ലക്ഷ്യം വയ്ക്കുന്ന വിശ്വാസ വർഷാചരണം കേരള സഭയിൽ ശരിയായി നടപ്പിലാകണം. കത്തോലിക്കാസഭയുടെ മതബോ ധനഗ്രന്ഥം വിശ്വാസജീവിതത്തിന്റെ പാതയിൽ കത്തോലിക്കർക്ക് മാർഗ്ഗ നിർദ്ദേശം നല്കുന്നു. സഭയിലെ യുവജനങ്ങളെ മുഴുവൻ പ്രത്യേകമായി പരിഗണിച്ചുകൊണ്ട് അവരുടെ വിശ്വാസപരിശീലനത്തിന് കൃത്യമായ മാർഗ്ഗ നിർദ്ദേശം കൊടുക്കാൻ, അവരുടെ വിശ്വാസസംബന്ധമായ എല്ലാ ചോദ്യ ങ്ങൾക്കും ഉത്തരം നല്കാൻ YOUCAT എന്ന യുവജന മതബോധനഗ്രന്ഥം ഉപകരിക്കുന്നു. കഴിഞ്ഞ ലോകയുവജനദിനാഘോഷവേളയിൽ യുവജന ങ്ങൾക്കായി മാർപാപ്പ അതു സമർപ്പിക്കുകയുണ്ടായി. യുവജനങ്ങളുടെ വിശ്വാസ ജീവിതത്തിന് ഉത്തമ വഴിവെളിച്ചമാകുന്ന ഒരു കൂട്ടുകാരനായി ഈ ഗ്രന്ഥത്തെ കാണാനും വായിക്കാനും മനസ്സിലാക്കാനും എല്ലാ യുവ ജനങ്ങളും പ്രത്യേകം ശ്രദ്ധിക്കണം.

9. രാഷ്ട്രനന്മയ്ക്കുവേണ്ടിയുള്ള പ്രവർത്തനമാണ് രാഷ്ട്രീയ പ്രവർത്തനം എന്ന തിരിച്ചറിവിലൂടെ തിരുത്തലിന്റെ രാഷ്ട്രീയപ്രവർത്തകരാകാൻ യുവ ജനങ്ങൾ തയ്യാറാവണം. വിശ്വാസജീവിത സാക്ഷ്യത്തിന്റെ ഉത്തമവേദി യായി സാമൂഹികമണ്ഡലങ്ങളെ മാറ്റി യേശുനാഥൻ നടത്തിയ സാമൂ ഹികനീതിയുടെ പാത രാഷ്ട്രത്തിൽ സംജാതമാക്കാനും സംശുദ്ധ

രാഷ്ട്രീയ പ്രവർത്തനത്തിന് ചുക്കാൻ പിടിക്കാനും യുവജനങ്ങൾ തയ്യാറാവണം. ഒരു പ്രദേശത്തിന്റെ വികസനത്തിൽ ഇടവകയ്ക്കുള്ള പങ്ക് വളരെ വലുതാണ്. സാമൂഹികകാര്യങ്ങളിൽ ഇടപെടുന്ന നല്ല യുവജനനേതാക്കളെ വളർത്തിക്കൊണ്ടുവരാൻ ഇടവകസമൂഹത്തിനാകണം. രാഷ്ട്രനന്മയ്ക്കായി സഭ ചെയ്യുന്ന സേവനങ്ങൾ കൂടുതൽ സാമൂഹികമായി ശക്തിപ്പെടുത്തുന്നതിന്റെ ഉത്തരവാദിത്വം യുവജനങ്ങൾ ഏറ്റെടുക്കണം. 'രാഷ്ട്രീയമാണ്, പുറത്ത് ആധുനിക ലോകത്തിൽ ക്രിസ്തീയ പ്രതിബഞ്ജാബദ്ധത ജീവിക്കുവാനുള്ള ഏറ്റവും ഉത്തമമായ മാർഗ്ഗം' എന്ന ഭാഗ്യസ്മരണാർഹനനായ പോൾ 6–ാമൻ മാർപാപ്പയുടെ ആഹ്വാനം നമ്മുടെ യുവജനങ്ങൾക്ക് കരുത്ത് പകരണം.

10. മലീമസമാക്കപ്പെടുന്ന സമൂഹം ആധുനിക യുഗത്തിന്റെ വെല്ലുവിളിയാണ്. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ കുതിച്ചുചാട്ടങ്ങൾ മനുഷ്യന്റെ മുമ്പിലുള്ള ലോകത്തെ വിശാലമാക്കിയപ്പോൾ, സ്വാർത്ഥതയുടെയും സ്വയം ഉൾവലിയലിന്റെയും ജീവിതത്തിലേക്ക് മനുഷ്യൻ ചുരുങ്ങുകയാണുണ്ടായത്. ഇവിടെ പുത്തൻ ജീവിതശൈലികൾ വച്ചുനീട്ടുന്ന ജീവിതസുഖങ്ങൾ പ്രലോഭനങ്ങൾ നിറഞ്ഞതാണ്. ചില യുവജനങ്ങളെങ്കിലും ഇന്ന് നയിക്കപ്പെടുന്നത് തെറ്റായ പാതയിലൂടെയാണെന്ന കണ്ടെത്തലുകൾ നമ്മെ ആശങ്കപ്പെടുത്തേണ്ടതുണ്ട്. ആധുനിക മാധ്യമസംസ്കാരം ജീവന്റെ മഹത്വത്തെ തമസ്കരിക്കുമ്പോൾ, ലൗകികതയുടെ ആസ്വാദനസുഖങ്ങളിലേക്ക് മാത്രം മനുഷ്യൻ ഒതുങ്ങിപ്പോകുന്നു– പ്രത്യേകിച്ച് യുവജനങ്ങൾ. ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും ദുരുപയോഗം ഇന്ന് യുവജനങ്ങളുടെ ഇടയിൽ വ്യാപകമായിരിക്കുന്നു. ഇന്റർനെറ്റ് തിളക്കമാർന്നതും ആവേശം നൽകുന്നതുമായ ഒരു ലോകം തുറന്നുതരുന്ന വാതിലാണ്. വിവരദാനസംബന്ധമായ ശക്തമായ സ്വാധീനവും അതിനുണ്ട്. പക്ഷെ, ആ വാതിലിനപ്പുറത്ത് എല്ലാ സംഗതികളും സുരക്ഷിതത്വം നല്കുന്നതോ ആരോഗ്യകരമോ സത്യസന്ധമോ അല്ല. സ്വന്തം ജീവിതത്തെയും മറ്റുള്ളവരുടെ ജീവിതത്തെയും സമ്പന്നമാക്കാൻ യുവജനങ്ങളെ അത് ശക്തരാക്കയേക്കാമെങ്കിലും അവരെ ഉപഭോഗസംസ്കാരത്തിലേക്കും അശ്ലീലതയിലേക്കും അക്രമപരമായ ഭാവനകളിലേക്കും മനഃശാസ്ത്രപരമായ ഒറ്റപ്പെടലുകളിലേക്കും മുക്കിത്താഴ്ത്താൻ അതിന് കഴിയും. നന്മയ്ക്കുവേണ്ടി അതിനെ ഉപയോഗിക്കാൻ യുവജനങ്ങൾ പഠിക്കണം. സ്വയം തിരിച്ചറിവിന്റെയും സ്വയം തീരുമാനമെടുക്കലിന്റെയും ശക്തിയാണ് ഇവിടെ ഏറെ പ്രാധാന്യമർഹിക്കുന്നത്. ലഹരിയുടെ ഉപയോഗം അമിതമായി വർദ്ധിക്കുന്നു. കുറ്റകൃത്യങ്ങളുടെ പട്ടികയിൽ നമ്മുടെ സംസ്ഥാനവും അതിൽത്തന്നെ യുവജനങ്ങളും ഏറെ മുൻപന്തിയിലെത്തി നിൽക്കുന്നു. ലഹരിക്കെതിരെ പോരാടുന്ന ഒരു ശക്തിയായി നമ്മുടെ യുവജനങ്ങൾ വളർന്നുവരണം. മദ്യവും മയക്കുമരുന്നും പാൻമസാ

ലയും മറ്റ് ലഹരി വസ്തുക്കളും ഉപേക്ഷിച്ചുകൊണ്ട് ക്രിസ്തീയത ആവശ്യപ്പെടുന്ന പരിപൂർണ്ണതയുടെ പാതയിലേക്ക് യുവജനങ്ങൾ കടന്നുവരണം.

11. യുവജന വിശ്വാസപ്രഘോഷണത്തിലും യുവജന പ്രേഷിതത്വത്തിലും കുടുംബത്തിനുള്ള പ്രാധാന്യം കൂടെ എടുത്തുപറയണം. പ്രാഥമിക വിശ്വാസപരിശീലനത്തിന്റെ വേദിയാകുന്ന കുടുംബങ്ങൾ ഗാർഹിക സഭ എന്ന നിലയിൽ ആ വിശ്വാസപരിശീലനത്തിന്റെ തുടർച്ച കൂടി ഉറപ്പുവരുത്തേണ്ടതുണ്ട്. യുവജനങ്ങളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ കുടുംബങ്ങൾ കാണിക്കണം. പുതുമകൾ നിറഞ്ഞ ലോകത്തിന്റെ വശ്യതയിൽ തിന്മയ്ക്കടിമപ്പെടാതെ നന്മയുടെ പാതയിൽ യുവജനങ്ങളെ വളർത്താൻ മാതാപിതാക്കൾ പ്രത്യേകമാം വിധം ശ്രദ്ധിക്കണം. ഭൗതികത മാത്രം ലക്ഷ്യം വച്ച് യുവജനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നല്കുന്ന മാതാപിതാക്കൾ ഇന്ന് കുറവല്ല. തങ്ങളുടെ ഉള്ളിലുള്ള സത്തയെ കണ്ടെത്താനും അതിനനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്താനുമുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് യുവജനങ്ങൾക്ക് ലഭിക്കേണ്ടത്.

12. പലതരത്തിലുള്ള സെക്ടുകളുടെ ആവിർഭാവവും അവയിലേക്ക് യുവജനങ്ങൾ ആകർഷിക്കപ്പെടുന്നതും ഗൗരവപൂർവ്വം നാം കാണേണ്ടതാണ്. പുതുമയുടെ ലോകത്ത് പരീക്ഷണം നടത്താൻ ഇഷ്ടപ്പെടുന്ന യുവജനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നല്കി വിശ്വാസപാതയിൽ സ്ഥിരപ്പെടുത്താൻ യുവജനശുശ്രൂഷകർക്കാവണം. മുതിർന്നവർ, മാതാപിതാക്കൾ, വിശ്വാസപരിശീലകർ, സമർപ്പിത ജീവിതം നയിക്കുന്നവർ തുടങ്ങി സഭയുടെ ഏത് തലത്തിലുള്ള വ്യക്തികൾക്കും ഇതിൽ യുവജനങ്ങളെ സഹായിക്കാനാകും. ഇടവകയിലെ യുവജനകൂട്ടായ്മകളും യുവജനപ്രവർത്തനങ്ങളും ശക്തിപ്പെടുത്തുകയും വിപുലീകരിക്കുകയും ചെയ്യുന്നതിന്റെ ആവശ്യകതയും നാം തിരിച്ചറിയണം. വിശ്വാസ ജീവിതത്തിൽ യുവജനങ്ങൾ ആഴപ്പെടാനും വളരാനും അത് അത്യന്താപേക്ഷിതമാണ്. വിശ്വാസം പ്രഘോഷിക്കപ്പെടുകയും ആഘോഷിക്കപ്പെടുകയും ചെയ്യേണ്ടതാണ്. അതിന് കൂട്ടായ്മകൾ വളരെ സഹായകരമാണ്. 2013 ഫെബ്രുവരി മാസത്തിൽ കേരള സഭയിലെ എല്ലാ യുവജനങ്ങൾക്കും ഒത്തുചേരാനുള്ള ഒരു വേദി കെ.സി.ബി.സി. യുവജന കമ്മീഷൻ ഒരുക്കുന്നു. ഒരുത്തമ വിശ്വാസപ്രഖ്യാപനവും വിശ്വാസസാക്ഷ്യവുമായി ഈ സമ്മേളനത്തെ മാറ്റാൻ എല്ലാ യുവജനങ്ങളെയും ഹൃദ്യമായി ക്ഷണിക്കുന്നു. അതിന്റെ വിജയത്തിനാവശ്യമായ എല്ലാ സഹകരണങ്ങളും പ്രാർത്ഥനാസഹായങ്ങളും ഏവരോടും അഭ്യർത്ഥിക്കുന്നു.

13. നമ്മുടെ ഇടവകകളിൽ യുവജനപ്രസ്ഥാനത്തെ ശക്തമാക്കേണ്ടതക്കുകയും നമ്മുടെ യുവജനങ്ങൾക്ക് ശരിയായ മാർഗ്ഗനിർദ്ദേശം നല്കി സഭയോടൊപ്പം വളർത്തുകയും ചെയ്യുക ഓരോ ഇടവകാംഗത്തിന്റെയും കടമയാണ്. കേരള സഭയുടെ യുവജന കമ്മീഷൻ യുവജനക്ഷേമത്തിനായുള്ള നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഇടവകയിലെ വിവിധങ്ങളായ

സംഘടനകളിൽ പ്രവർത്തിക്കുമ്പോഴും സഭയുടെ ഔദ്യോഗിക യുവജന പ്രസ്ഥാനമായ കെ.സി.വൈ.എം. ൽ എല്ലാ യുവജനങ്ങളും അംഗങ്ങളാകണം. കെ.സി.വൈ.എം. ഉം സഭയിലെ ഇതര യുവജന സംഘടനകളും യുവജനങ്ങളുടെ വ്യക്തിത്വരൂപീകരണത്തിനും അവരുടെ ആത്മീയവും സാമൂഹികവുമായ വളർച്ചക്കും നിരവധി സാധ്യതകൾ നല്കുന്നുണ്ട്. അവയെ പ്രയോജനപ്പെടുത്താൻ യുവജനങ്ങൾക്ക് സാധിക്കണം. ഇടവക സമൂഹം മുഴുവനും യുവജന അജപാലന പ്രവർത്തനങ്ങളിൽ കാര്യക്ഷമമായി ഇടപെടാനും പിന്തുണ നല്കാനും സാമ്പത്തിക സഹായങ്ങൾ ചെയ്യാനും പ്രത്യേകം ശ്രദ്ധിക്കണം. യുവജനദിനത്തിൽ എല്ലാ ഇടവകകളിലും പ്രത്യേകമായി യുവജനങ്ങൾക്കായി ദിവ്യബലി അർപ്പിക്കുകയും യുവജനങ്ങൾക്ക് പ്രോത്സാഹനം നല്കുന്ന രീതിയിൽ വിവിധങ്ങളായ പരിപാടികളോടെ യുവജനദിനം ആചരിക്കുകയും ചെയ്യണം.

14. ഇസ്രായേൽ ജനം അതിന്റെ ചരിത്രത്തിലെ ഒരു വിഷമദശാസന്ധിയിലൂടെ കടന്നുപോയപ്പോൾ ദൈവം സഹായം ആവശ്യപ്പെട്ടത് ഇസ്രായേലിലെ ഉന്നതശ്രേണിയിലുള്ള ആളുകളിൽ നിന്നായിരുന്നില്ല, പിന്നെയോ ജെറെമിയ എന്ന ഒരു യുവാവിൽ നിന്നായിരുന്നു. ജറമിയ അത്ഭുതപരതന്ത്രനായി പറഞ്ഞു; "ദൈവമായ കർത്താവേ, ഞാൻ കേവലം ബാലനാണ്. സംസാരിക്കാൻ എനിക്ക് പാടവമില്ല." (ജെറെ. 1: 6). പക്ഷെ, ദൈവം പിന്തിരിഞ്ഞില്ല. അവിടുന്ന് പറഞ്ഞു; "വെറും ബാലനാണെന്ന് നീ പറയരുത്. ഞാൻ ആരുടെ അടുക്കലേക്കെല്ലാം അയയ്ക്കുന്നുവോ അവരുടെയെല്ലാം അടുക്കലേക്ക് നീ പോകണം, ഞാൻ കല്പിക്കുന്നതെന്തും സംസാരിക്കണം." (ജെറെ.1:7). ജെറെമിയായെ ദൈവം ചുമതലപ്പെടുത്തിയതുപോലെ വിശ്വാസപാതയിൽ സഭയെ ഉന്നതങ്ങളിലേക്ക് നയിക്കാൻ യുവജനങ്ങളെ പ്രത്യേകമായി ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ വിശ്വാസയാത്രയിൽ എല്ലാ വിശ്വാസികളും അവരോടൊപ്പം ഉണ്ടാകണം. യുവജനങ്ങളോടൊപ്പമുള്ള ഈ യാത്രയിൽ പരിശുദ്ധ കന്യാമറിയത്തിന്റെ നിരന്തര സാന്നിദ്ധ്യം എന്നുമുണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഏവർക്കും യുവജനദിനത്തിന്റെ മംഗളങ്ങൾ ആശംസിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

**ബിഷപ്പ് മാർ ജോസഫ് പണ്ടാരശ്ശേരിൽ**
ചെയർമാൻ, കെ.സി.ബി.സി. യുവജനകമ്മീഷൻ
**ബിഷപ്പ് തോമസ് മാർ അന്തോനിയോസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. യുവജനകമ്മീഷൻ
**ബിഷപ്പ് ഡോ. ജോസഫ് കരിയിൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. യുവജനകമ്മീഷൻ

**N.B.** ജൂലൈ 8 ഞായറാഴ്ച കത്തോലിക്കാസഭകളിലെ ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ പള്ളികളിലും, സ്ഥാപനങ്ങളിലും ഈ സർക്കുലറിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കേണ്ടതാണ്.

# സർക്കുലർ - മിഷൻ ഫ്

*സീറോമലബാർസഭയുടെ ശ്രേഷ്ഠ മെത്രാപ്പോലീത്ത മാർ ജോർജ്ജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.*

"ഭൂമിയുടെ അതിർത്തികൾ വരെ മിശിഹായ്ക്ക് സാക്ഷികളാകാൻ" (നട. 1,8) പ്രതിജ്ഞാബദ്ധയായ സീറോമലബാർ സഭ 29 രൂപതകളിലായി ഭാരതത്തിനകത്തും പുറത്തും ദൈവരാജ്യസംസ്ഥാപനത്തിനായി കർമ്മനിരതയാണ്. മാർതോമ്മാശ്ലീഹായുടെ സുവിശേഷപ്രഘോഷണം വഴിയായി കേരള മണ്ണിൽ ആഴ്ന്നിറങ്ങിയ സീറോമലബാർ സഭ ഇന്ന് ഭാരതം മുഴുവനിലും ആസ്ട്രേലിയായിലും, അമിരിക്കയിലും, ആഫ്രിക്കയിലും, ഏഷ്യയിലെയും യൂറോപ്പിലെയും വിവിധ രാജ്യങ്ങളിലും വ്യാപിച്ചിരിക്കുന്നു. ഭാരതത്തിൽ സീറോമലബാർസഭയുടെ അധികാരപരിധിക്കു വെളിയിൽ ഛാന്ദാ, ഉജ്ജെയിൻ, സത്ന, ബിജ്നോർ, രാജ്ക്കോട്ട്, ഗോരഖ്പൂർ, ജഗ്ദൽപൂർ, അദിലാബാദ്, സാഗർ, കല്യാൺ തുടങ്ങി പത്ത് മിഷൻ രൂപതകളുള്ള കാര്യം സഭാമക്കൾ ഏവർക്കും അറിവുള്ളതാണല്ലോ. ഭാരതത്തിലെ മിഷൻ രൂപതകളെ പ്രാർത്ഥനവഴിയായും സാമ്പത്തികമായും സഹായിക്കുകയെന്നത്, മാർതോമ്മാശ്ലീഹായുടെ വിശ്വാസപാരമ്പര്യത്തിൽ ജീവിക്കുന്ന ഓരോ സീറോമലബാർ വിശ്വാസിയുടെയും അടിസ്ഥാനപരമായ ജീവിതദൗത്യമാണ്. ഈ ലക്ഷ്യപ്രാപ്തിക്കായി നമ്മുടെ മിഷൻ പ്രദേശങ്ങളെ സാമ്പത്തികമായും പ്രാർത്ഥനവഴിയായും സഹായിക്കാനാഗ്രഹിക്കുന്നവരുടെ ഒരു അസോസിയേഷൻ സീറോമലബാർ സിനഡ് രൂപകല്പന ചെയ്തിരിക്കുന്നു (Association of Supporters of Syro Malabar Mission-A.S.S.M.). തദ്വാര, സീറോമലബാർ സഭയിലെ എല്ലാ കുടുംബങ്ങളേയും (9 ലക്ഷം കുടുംബങ്ങൾ) മാതൃസഭയുമായി നിരന്തരസമ്പർക്കത്തിലും സഹവർത്തിത്വത്തിലും നയിക്കാമെന്ന് പ്രത്യാശിക്കുന്നു.

സീറോമലബാർ സഭാംഗങ്ങളുടെ മനസ്സിലും ഹൃദയത്തിലും പ്രേഷിതാവബോധം സൃഷ്ടിക്കുകയെന്നത് ഈ അസോസിയേഷന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. സീറോമലബാർ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ വിശദമാക്കുന്ന ന്യൂസ് ബുള്ളറ്റിൻ ഓരോ വർഷവും മൂന്ന് ലക്കങ്ങളിലായി പ്രസിദ്ധീകരിക്കാൻ ഈ അസോസിയേഷൻ പരിശ്രമിക്കുന്നു. മിഷൻ പ്രവർത്തനങ്ങളിൽ ഓരോ കുടുംബത്തിനും ആത്മീയമായും സാമ്പത്തികമായും പങ്കുപറ്റാനുള്ള അവസരം ഈ അസോസിയേഷൻ മുമ്പോട്ടുവെയ്ക്കുന്നു. നമ്മുടെ സഭയിലെ എല്ലാ കുടുംബാംഗങ്ങളും വൈദികരും, സന്യാസഭവനങ്ങളും സ്ഥാപനങ്ങളും ഇക്കാര്യത്തിൽ സഹകരിക്കുമല്ലോ. ഈ അസോസിയേഷന്റെ

ലക്ഷ്യപ്രാപ്തിക്കായി ഒരു വർഷം ഒരു കുടുംബം 200 രൂപ വീതവും സന്യാസ ഭവനങ്ങളും സ്ഥാപനങ്ങളും 500 രൂപ വീതവും സംഭാവന നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ അസോസിയേഷന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാനായി രാജ്ഘോട്ടിന്റെ മുൻമെത്രാനും ദീർഘകാലം പ്രവാസികളുടെ അജപാലനപരമായ ആവശ്യങ്ങൾ നിറവേറ്റിയിരുന്ന കമ്മീഷന്റെ ചെയർമാനുമായിരുന്ന മാർ ഗ്രിഗറി കരോട്ടെമ്പ്രേൽ പിതാവിനെ സീറോമലബാർ സിനഡിന്റെ സമ്മതത്തോടെ ഞാൻ നിയമിക്കുന്നു. ഈ അസോസിയേഷന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കുവേണ്ടി ഓരോ രൂപതയിൽനിന്നും ഒരു അല്മായ പ്രതിനിധി ഉണ്ടാകും. അല്മായ പ്രതിനിധികളടങ്ങിയ ഭരണസംവിധാനമാവും ഈ അസോസിയേഷനുവേണ്ടി തീരുമാനങ്ങൾ കൈക്കൊള്ളുക. പ്രേഷിത പ്രവർത്തനങ്ങൾക്കായി സ്വീകരിച്ച ഫണ്ടിന്റെയും അത് വിതരണം ചെയ്ത വിവിധ മേഖലകളുടേയും വിവരങ്ങൾ പ്രതിപാദിക്കുന്ന വിശദമായ റിപ്പോർട്ട് ന്യൂസ് ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

പ്രിയ സഹോദരരേ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിശ്വാസസമൂഹങ്ങളെ ഉദാരമായി സഹായിക്കുകയെന്നത് ആദിമക്രൈസ്തവസമൂഹം മുതൽ അനുഷ്ഠിച്ചുവരുന്ന ഒരു വിശുദ്ധ പാരമ്പര്യമാണ്. ജറുസലെമിലുള്ള നിർദ്ധനരായ ക്രൈസ്തവരെ സഹായിക്കാൻ മക്കെദോനിയായിലും അക്കായിയായിലും ഉള്ളവർ സന്മനസ്സ് കാണിച്ചതിനെ വി. പൗലോസ് ശ്ലീഹാ റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽ മുക്തകണ്ഠം പ്രശംസിക്കുന്നുണ്ട് (റോമാ 15,26). "സഭ മിശിഹായുടെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്" (1 കോറി 12,27), എന്ന വി. പൗലോസിന്റെ സഭാത്മകദർശനം എത്രയോ ശ്രേഷ്ഠമാണ്! ശരീരത്തിലെ ഏതെങ്കിലും ഒരവയവം വേദനിക്കുമ്പോഴും ദുർബലമാകുമ്പോഴും അത് ശരീരത്തിന്റെ മുഴുവൻ അനാരോഗ്യത്തെയാണ് വിളിച്ചു പറയുന്നത്. അതുകൊണ്ട് കരയുന്നവരുടെ കണ്ണീരൊപ്പാനും ദുർബലന് കൈത്താങ്ങാകാനും വേദനിക്കുന്നവന് സാന്ത്വനമാകാനുതകുന്ന ഒരു സഭാത്മക ആത്മീയത നമുക്ക് കെട്ടിപ്പടുക്കാം. പാവങ്ങളോടു പ്രത്യേകപക്ഷം പ്രകടിപ്പിക്കാനുള്ള (Preferential Love for the poor) സഭയുടെ നിരന്തരമായ ഉൾവിളിയുടെ ബാഹ്യാവിഷ്ക്കാരമാണ് ഈ അസോസിയേഷൻ. എന്തുചെയ്താലും പാവങ്ങളെക്കുറിച്ച് ചിന്ത വേണമെന്ന വി. പൗലോസിന്റെ തീവ്രമായ ആഗ്രഹത്തിന് (ഗലാ 2,10) ജീവിതംകൊണ്ട് മറുപടി കൊടുക്കാൻ സീറോമലബാർ സഭാംഗങ്ങൾക്കാകട്ടെ. അതുവഴി "ഇക്കാലത്തെ മനുഷ്യരുടെ വിശിഷ്യാ പാവങ്ങളുടെയും, പീഡിതരുടെയും സന്തോഷവും പ്രതീക്ഷകളും സങ്കടങ്ങളും ഉൽക്കണ്ഠയുമെല്ലാം ക്രിസ്തുവിന്റെ അനുയായികളുടെ കൂടിയാണെന്ന്" (GS 1) ലോകം മനസ്സിലാക്കട്ടെ.

എന്ന് മിശിഹായിൽ സ്നേഹപൂർവ്വം

**മാർ ജോർജ്ജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

# 12-ാം പാസ്റ്ററൽ കൗൺസിൽ 5-ാം സമ്മേളനം
# സമ്മേളന റിപ്പോർട്ട്

2012 ജൂൺ 9–ാം തിയ്യതി ശനിയാഴ്ച രൂപതാഭവനത്തിൽ നടന്ന 12–ാം പാസ്റ്ററൽ കൗൺസിലിൽ 5–ാം സമ്മേളന റിപ്പോർട്ട്.

രാവിലെ 10 മണിക്ക് ഉപവി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടന്ന പ്രാർത്ഥനയോടുകൂടി യോഗം ആരംഭിച്ചു. പാസ്റ്ററൽ കൗൺസിൽ ജന. സെക്രട്ടറി റവ. ഡോ. ഡേവിസ് ചെങ്ങിനിയാടൻ നേതൃത്വം കൊടുത്തുകൊണ്ട് തുടങ്ങിയ യോഗത്തിൽ പാസ്റ്ററൽ കൗൺസിൽ വൈസ് പ്രസിഡന്റും രൂപത വികാരി ജനറാളുമായ മോൺ. ഡോ. ജോസ് ഡി. ഇരിമ്പൻ സ്വാഗതം നേർന്നു. സഭയുടെ പ്രബോധന ദൗത്യം വിദ്യാഭ്യാസപ്രേഷിതത്വത്തിലൂടെ എന്ന വിഷയത്തെക്കുറിച്ച് പ്രതിപാദിക്കുകയും കാലത്തിനനുസരിച്ച് വിദ്യാഭ്യാസമേഖലയെ പരിഷ്കരിക്കാനുള്ള കടമ നമുക്കെല്ലാവർക്കും ഉണ്ട് എന്ന് അനുസ്മരിപ്പിക്കുകയും ചെയ്തു. ജീവിതത്തിന്റെ വെല്ലുവിളികൾ നേരിട്ടുകൊണ്ട്, ജീവിക്കുവാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ സമൂഹത്തിലേയ്ക്ക് ഇറങ്ങി നന്മ ചെയ്യുവാൻ നാം പ്രതിജ്ഞാബദ്ധരാകേണ്ടതാണ് എന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. യോഗത്തിൽ സന്നിഹിതരായിരുന്ന അഭിവന്ദ്യ പിതാവിനേയും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളേയും യോഗത്തിലേക്ക് ഹാർദ്ദമായി മോൺസിഞ്ഞോർ സ്വാഗതം ചെയ്തു.

തുടർന്ന് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോസ് ജെ. കാളൻ 12–ാം പാസ്റ്ററൽ കൗൺസിലിന്റെ 4–ാം സമ്മേളന റിപ്പോർട്ട് അവതരിപ്പിക്കുകയും യോഗം പാസ്സാക്കുകയും ചെയ്തു.

അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് തന്റെ അധ്യക്ഷപ്രസംഗത്തിൽ മൂല്യാധിഷ്ഠിതമായ വ്യക്തിത്വമുള്ളവരെ വാർത്തെടുക്കുക എന്നതാണ് സഭ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമായി കരുതിപ്പോന്നിട്ടുള്ളതെന്ന് ചാവറയച്ചന്റെ ജീവിതത്തെ മാതൃകയാക്കി വിലയിരുത്തി. വിദ്യാഭ്യാസം ലാഭക്കച്ചവടമല്ല മറിച്ച് രാഷ്ട്രനിർമ്മിതിക്കായി സാമൂഹ്യസേവനവും പ്രേഷിതപ്രവർത്തനമായിട്ടാണ് സഭ കാണുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. രൂപതയുടെ കീഴിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിൽ മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നൽകാൻ ഒരു നിരീക്ഷണ കമ്മിറ്റി വേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും വിദ്യാഭ്യാസമൂല്യങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിനെ സംബന്ധിച്ചും ഓർമ്മിപ്പിച്ചുകൊണ്ട് പിതാവ് പ്രസംഗം ഉപസംഹരിച്ചു.

തുടർന്ന് പത്ത് ഫൊറോനകളിലെയും പ്രതിനിധികൾ ഫൊറോന

കൗൺസിൽ റിപ്പോർട്ട് അവതരിപ്പിച്ചു. അനന്തരം "സഭയുടെ പ്രബോധന ദൗത്യം വിദ്യാഭ്യാസ പ്രേഷിതത്വത്തിലൂടെ" എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുക്കാൻ എത്തിയ ജീസസ് ട്രെയിനിങ്ങ് കോളേജ് പ്രിൻസിപ്പാൾ റവ. ഫാ. ജോർജ്ജ് പാലമറ്റത്തിനെ മോൺ. ഡോ. ജോസ് ഡി. ഇരിമ്പൻ വേദിയിലേക്ക് സ്വാഗതം ചെയ്തു. 21-ാം നൂറ്റാണ്ടിലെ വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ ലക്ഷ്യത്തെക്കുറിച്ച് സംസാരിച്ച അദ്ദേഹം മാതൃകാ-അദ്ധ്യാപകർ എങ്ങിനെയായിരിക്കണം എന്ന് വിശദീകരിച്ചു. കേരളത്തിന്റെ വിദ്യാഭ്യാസരംഗത്ത് ക്രൈസ്തവർ നൽകിയ സംഭാവനകളെക്കുറിച്ച് പ്രതിപാദിച്ചു. KCSL പ്രസിഡന്റ് ശ്രീ. ഷൈജു പോട്ടോക്കാരൻ നന്ദി പറഞ്ഞു. തുടർന്ന് നടന്ന ആരാധനയ്ക്ക് (റവ. ഫാ. തോമസ് നട്ടേക്കാടന്റെയും FCC സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ) റവ. ഫാ. കിൻസ് എളങ്കുന്നപ്പുഴ നേതൃത്വം നൽകി. പിന്നീട് ഉച്ചഭക്ഷണത്തിനായി യോഗം പിരിഞ്ഞു.

യുവജനവർഷത്തിന്റെ വെബ്സൈറ്റ് ഉദ്ഘാടനത്തോടെ ഉച്ചക്ക്ശേഷമുള്ള സെഷൻ ആരംഭിച്ചു. വെബ്സൈറ്റ് തയ്യാറാക്കിയ റവ. ഫാ. റെനി, റവ. ഫാ. ജോബി, സിറിൾ, മനു എന്നിവരെ പിതാവ് അഭിനന്ദിച്ചുകൊണ്ട് സംസാരിച്ചു. പിന്നീട് ജൂൺ 29-ാം തിയ്യതി നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ പോളി പിതാവിന് ആശംസകൾ നേർന്നുകൊണ്ട് ശ്രീ. ജോസ് അന്തിക്കാട്ട് സംസാരിച്ചു. വസ്തുനിഷ്ഠമായി പഠിച്ച് കാര്യങ്ങൾ നടപ്പിലാക്കുകയും, എളിമയുടെ മാതൃകയുമായിരിക്കുന്ന പോളി പിതാവ് രൂപതയെ ഉന്നതിയിലേക്ക് ഉയർത്തട്ടേയെന്ന് അദ്ദേഹം ആശംസിച്ചു. തുടർന്ന് പിതാവ് കേക്ക് മുറിക്കുകയും സദസ്സ് ആശംസാഗാനം പാടുകയും ചെയ്തു. അതിനുശേഷം എല്ലാവർക്കും കേക്ക് വിതരണം ചെയ്യുകയുണ്ടായി.

തുമ്പൂർമുഴി വിനോദകേന്ദ്രത്തിൽ ഒഴുക്കിൽപ്പെട്ട കുട്ടിയ രക്ഷിച്ച് ധീരതയ്ക്കുള്ള മാതൃക കാട്ടിയ സി.വൈ.എം. രൂപതാ സെക്രട്ടറി ശ്രീ. ലാജോ ഓസ്റ്റിനെ അനുമോദിച്ചുകൊണ്ട് സി.വൈ.എം. പ്രസിഡന്റ് ശ്രീ. ബാസ്റ്റിൻ ഫ്രാൻസിസ് സംസാരിച്ചു. അനന്തരം പിതാവ് ലാജോയ്ക്ക് അംഗീകാരത്തിന്റെ അടയാളമായി ഉപഹാരം നൽകുകയുണ്ടായി. പിന്നീട് യോഗത്തിലെ അംഗങ്ങൾ പത്ത് ഗ്രൂപ്പുകളായി തിരിച്ചു. മൂല്യാധിഷ്ഠിത വിദ്യാഭ്യാസം പ്രാവർത്തികമാക്കാൻ ഉള്ള പ്രായോഗിക നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഓരോ ഗ്രൂപ്പിനും മൂന്ന് ചോദ്യങ്ങൾ നൽകുകയും ഗ്രൂപ്പ് ചർച്ച നടത്തുകയും ചെയ്തു. പാസ്റ്ററൽ കൗൺസിൽ ജന. സെക്രട്ടറി റവ. ഡോ. ഡേവിസ് ചെങ്ങിനിയാടൻ മോഡറേറ്റ് ചെയ്തു. ഓരോ ഗ്രൂപ്പിന്റെയും സെക്രട്ടറിമാർ റിപ്പോർട്ട് അവതരിപ്പിച്ചു. പിന്നീട് ചോദ്യോത്തരവേളയായിരുന്നു. വെരി. റവ. ഫാ. ജോയി പാല്യേക്കര ഏകജാലകസംവിധാനത്തെപ്പറ്റി സംസാരിച്ചു.

പിതാവ് ചോദ്യങ്ങൾക്ക് മറുപടി നൽകുകയും പാസ്റ്ററൽ കൗൺസിൽ

അംഗങ്ങൾ ഉന്നയിച്ച അഞ്ച് നിർദ്ദേശങ്ങൾ അംഗീകരിക്കുകയും ചെയ്തു.

**നിർദ്ദേശങ്ങൾ**

1 കത്തോലിക്കാ സ്ഥാപനങ്ങളിൽ പ്രവേശനവും നിയമനവും നിഷ്പക്ഷമായി നടത്തുവാനുള്ള വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ടാക്കണം.

2. കെട്ടിടനിർമ്മാണം, അടിസ്ഥാനസൗകര്യങ്ങൾ എന്നിവയ്ക്ക് ഇടവക, രൂപതാതലത്തിൽ വിദ്യാഭ്യാസഫണ്ട് രൂപീകരിച്ച്, ഘട്ടംഘട്ടമായി നിയമനം പൂർണ്ണമായും മെറിറ്റടിസ്ഥാനത്തിൽ നടത്തണം.

3. സ്കൂളിൽ കൗൺസലിംഗ് സൗകര്യം ഏർപ്പെടുത്തുക. ഒപ്പം മാതാപിതാക്കൾക്കും അതിനുള്ള സൗകര്യം ഏർപ്പെടുത്തുക.

4. വേദോപദേശത്തോടൊപ്പം യൂത്ത് ക്ലാസ്സ് കൂടി തുടങ്ങുക.

5. എല്ലാ വീടുകളിലും എത്തുന്ന ഒരു കത്തോലിക്കാ മാസിക അല്ലെങ്കിൽ ലീഫ്‌ലെറ്റ് പ്രസിദ്ധീകരിക്കുക. പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ സന്നിഹിതരാകാത്തവരുടെ പേരുകൾ പ്രത്യേകം രേഖപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുമെന്ന് മോൺ. ഡോ. ജോസ് ഇരിമ്പൻ അറിയിച്ചു. ജൂലൈ 3–ാം തിയ്യതി കൊടുങ്ങല്ലൂർ മാർത്തോമ്മ റിസർച്ച് സെന്റർ ആസ്പദമാക്കി ഒരു അർദ്ധദിന സെമിനാർ ഒരുക്കിയിട്ടുണ്ടെന്നും അന്നേദിവസം രൂപതയുടെയും കോൺഗ്രിഗേഷന്റെയും കീഴിലുള്ള സ്കൂളുകളിൽനിന്ന് Std X, +2 എന്നിവയ്ക്ക് 100% ലഭിച്ച കത്തോലിക്കാവിദ്യാർത്ഥികളെ ആദരിക്കുന്നെന്നും അദ്ദേഹം പറഞ്ഞു.

പിന്നീട് നടന്ന സമാപനസന്ദേശത്തിൽ രൂപതയിലെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഉന്നതവിജയം കൈവരിച്ച സ്ഥാപനങ്ങളെ പിതാവ് അനുമോദിച്ചു. സഭാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന അൽമായർ തീർച്ചയായും സഭയെ സംബന്ധിച്ച പഠനങ്ങളിൽ ആഭിമുഖ്യം കാണിക്കുകയും അറിവ് ആർജ്ജിക്കുകയും വേണമെന്നും ദൈവശാസ്ത്രത്തിനുള്ള ആമുഖ കോഴ്സുകളിൽ പങ്കെടുക്കുവാൻ തയ്യാറാകണമെന്നും ആവശ്യപ്പെടുകയും ചെയ്തു. പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്ക് ഇടവക കാര്യങ്ങളിൽ സജീവപങ്കാളിത്തം ഉണ്ടായിരിക്കണമെന്നും അറിയിച്ചു. സഭാപഠനങ്ങൾ നടത്തിയവരുടെ ഒരു ടീം ഉണ്ടാക്കണമെന്നും ഉദ്ബോധിപ്പിച്ചു. തുടർന്ന് പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി ഡോ. സുധ ജോർജ്ജ് വളവി നന്ദി രേഖപ്പെടുത്തി. പിതാവിന്റെ സമാപന ആശീർവ്വാദത്തോടെ യോഗം പിരിഞ്ഞു.

**ഫാ. ഡോ. ഡേവിസ് ചെങ്ങിനിയാടൻ**
ജനറൽ സെക്രട്ടറി

**ശ്രീ. ജോസ് ജെ കാളൻ**
സെക്രട്ടറി

**മിസ്. സുധ വളവി**
ജോ. സെക്രട്ടറി

Bless A Home

# ബ്ലസ് എ ഹോം

*ഒരു വീടിനെ അനുഗ്രഹിക്കൂ...*

ഇരിങ്ങാലക്കുട രൂപതയുടെ ബ്ലസ് എ ഹോം പദ്ധതിയിൽ 130 ഇടവകകളിൽനിന്ന് തെരഞ്ഞെടുത്ത 702 കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗണ്ടിലേക്ക് ഇപ്പോൾ ഒരു കോടി പതിനഞ്ചു ലക്ഷത്തി ഇരുപത്തൊന്നായിരം (1,15,21,000) രൂപ നൽകിയിട്ടുണ്ട്.

**കുടുംബകൂട്ടായ്മ**

ഇടവകകളിൽനിന്ന് തെരഞ്ഞെടുത്ത നാനാജാതി മതസ്ഥരായ 702 കുടുംബങ്ങളെ അവരവരുടെ ഫൊറോന പള്ളികളിൽ ഒരുമിച്ചു കൂട്ടുന്നു. ഈ സംഗമത്തിന് തെരഞ്ഞെടുത്ത കുടുംബത്തിലെ ഒരാളാണ് പങ്കെടുക്കേണ്ടത്.

| | | |
|---|---|---|
| പറപ്പൂക്കര ഫൊറോന | – | ജൂലായ് 28, 2pm - 5pm |
| കൊടകര ഫൊറോന | – | ആഗസ്റ്റ് 18, 2pm - 5pm |
| ചാലക്കുടി ഫൊറോന | – | ആഗസ്റ്റ് 25, 2pm - 5pm |
| ഇരിങ്ങാലക്കുട ഫൊറോന | – | സെപ്തംബർ 8, 2pm - 5pm |
| കൽപറമ്പ് ഫൊറോന | – | സെപ്തംബർ 15, 2pm - 5pm |
| അമ്പഴക്കാട് ഫൊറോന | – | സെപ്തംബർ 29, 2pm - 5pm |
| എടത്തിരുത്തി ഫൊറോന | – | ഒക്ടോബർ 6, 2pm - 5pm |
| മാള ഫൊറോന | – | ഒക്ടോബർ 13, 2pm - 5pm |
| കുറ്റിക്കാട് ഫൊറോന | – | നവംബർ 3, 2pm - 5pm |
| പുത്തൻചിറ ഫൊറോന | – | നവംബർ 17, 2pm - 5pm |

## സംഭാവന നല്കിയവർ

| | | |
|---|---|---|
| 1 | Mrs. Grace Abraham Chakalackal, Irinjalakuda | 12,000 |
| 2. | Kannookadan Kudumbayogam, Vellanchira | 5,000 |
| 3. | Mr. Thomas Melepuram, Potta | 1,00,000 |
| 4. | Mr. Tomy O.S. Oolakkadan, Irinjalakuda | 12,000 |
| 5. | Panthallookaran Lonappan Sons, Kodakara | 10,000 |
| 6. | Mr. Jayesh Antony Jose, Muvattupuzha | 12,000 |
| 7. | Jesus Youth Members, Diocese of Irinjalakuda | 12,000 |
| 8. | Rev. Vicar & Parishioners, St. Mary's Church, Padiyoor | 5,000 |
| 9. | Rev. Vicar & Parishioners, St. George Church, Pariyaram | 25,000 |

| | | |
|---|---|---|
| 10 | St. Joseph's Forane Church, Kodakara, Box Collection | 3,500 |
| 11 | Udaya Provincial House CMC, Irinjalakuda Box Collection | 3,077 |
| 12 | St. Sebastian Church, Kallamkunnu C/o. P.V. George Sponsor Coupon | 5,000 |
| 13 | Rev. Vicar & Parishioners St. Antony's, Perumpadappu | 5,000 |
| 14 | Mr. Vijeesh George Vathukadan, Velayanad | 51,000 |
| 15 | Vimala Matha Church, Kuzhikattukonam Sponsor Coupon | 12,000 |
| 16 | Rev. Vicar & Parishioners St. Joseph's Church, Vynthala | 12,000 |
| 17 | Prof. Sebastian Kulathinal, Vellikulangara | 12,000 |
| 18 | St. Joseph's Church, Maramcode Sponsor Coupon | 10,000 |
| 19 | Dr. Jim Thomas Kunnampuram, Chalakudy | 12,000 |
| 20 | Our Lady of Perpetual Help Church C/o. Babu T.P. Sponsor Coupon | 12,000 |
| 21 | Mr. Lijo Kunnikuru, Potta | 10,000 |
| 22 | Mrs. Rosily Joseph, Chemmannur, Thrissur | 12,000 |
| 23 | Msgr. Ephrem Palathingal Charitable Trust, Kattoor | 12,000 |
| 24 | Palathingal Paulose Jose, Kattoor | 12,000 |
| 25 | Mother General, Holy Family Generalate, Mannuthy | 5,000 |

**ഫാ. വർഗ്ഗീസ് അരിക്കാട്ട്**
മാനേജിംഗ് ട്രസ്റ്റി





## ആദരാഞ്ജലികൾ !!
## സി. മേരി റോക്ക് CMC



ഇരിങ്ങാലക്കുട രൂപതയിൽ മാള ഫൊറോന പള്ളി വടക്കൻ തോമൻ–മറിയംകുട്ടി ദമ്പതികളുടെ ഏഴു മക്കളിൽ ഇളയസന്താനമായി 1918 ജൂലൈ 25–ന് ബഹു. റോക്കമ്മ ജനിച്ചു. 1942 മെയ് 4ന് ആദ്യവ്രതവും 1946 മെയ് 16–ന് നിത്യവ്രതാനുഷ്ഠാനവും നടത്തി. മാതൃകാപരമായ ജീവിതവും ദൈവസ്നേഹ തീക്ഷ്ണതയുംവഴി തന്റെ തറവാട്ടിൽനിന്ന് 5 മക്കളെ CMC സന്യാസസമൂഹത്തിലേക്ക് ആകർഷിക്കാൻ അമ്മയ്ക്ക് കഴിഞ്ഞു. നവസന്യാസപരിശീലനവും അധ്യാപനജീവിതവും അനേകം മക്കളെ ദൈവത്തിലേക്കും മനുഷ്യരിലേക്കും രൂപപ്പെടുത്തുന്നതിന് കാരണമായി. 17 വർഷമായി ഇരിങ്ങാലക്കുട ലിറ്റിൽ ഫ്ളവർ മഠത്തിൽ വിശ്രമജീവിതം നയിച്ചിരുന്ന ബഹു. റോക്കമ്മ 2012 ജൂൺ 16ന് തന്റെ സ്വർഗ്ഗീയ സമ്മാനത്തിനായ് വിളിക്കപ്പെട്ടു. ദൈവം സിസ്റ്ററിന് നിത്യവിശ്രമം നൽകട്ടെ.

# മതബോധനം

1 **അനുമോദനയോഗവും സമ്മാനവിതരണവും**

2011–12 അദ്ധ്യയനവർഷത്തെ വിവിധ മതബോധന പ്രവർത്തനങ്ങളുടെയും സ്കോളർഷിപ്പ് പരീക്ഷയുടെയും അടിസ്ഥാനത്തിൽ ഉന്നതവിജയം നേടിയ യൂണിറ്റുകൾക്കും, 25/50 വർഷം പൂർത്തിയാക്കിയ മതാദ്ധ്യാപകർക്കുള്ള സമ്മാനങ്ങളും 2012 ജൂലായ് 3 ചൊവ്വാഴ്ച ഉച്ചക്ക് 2 മണിക്ക് രൂപതാ മതബോധനകേന്ദ്രത്തിൽവെച്ച് നൽകുന്നതാണ്. സമ്മാനാർഹരായ എല്ലാവർക്കും അഭിനന്ദനങ്ങൾ. ഏവരേയും അനുമോദന സമ്മേളനത്തിലേയ്ക്ക് ക്ഷണിക്കുന്നു.

2. **രൂപതാതലത്തിൽ ഓരോ വിഭാഗത്തിലും ഉയർന്ന ഗ്രേഡിനും ഒന്നാം സ്ഥാനത്തിനും അർഹമായ യൂണിറ്റുകൾ**

| | | |
|---|---|---|
| 500 & above | : | St. Mary's Forane Church, Chalakudy (Grade A+) |
| 300 & above | : | St. Mary's Church, Pulinkara (Grade A) |
| | | Soccorso, Mala (Grade A) |
| | | St. Mary's Church, Thazhur (Grade A) |
| 150 & above | : | St. Mary's Church, Kattoor (Grade A) |
| | | St. Antony's Church, Kottat (Grade A) |
| Below 150 | : | St. Antony's Church, Chendrappinni East (Grade A) |
| | | Lourdh Matha Church, Chemmanda (Grade A) |

3. വർഷാരംഭ റിപ്പോർട്ടും സ്റ്റാഫ്ലിസ്റ്റ്, ഗ്രെയ്സ്ഫെസ്റ്റ് വിലയിരുത്തൽ റിപ്പോർട്ടും ജൂലൈ 6–ാം തിയ്യതിക്കുള്ളിലും, ഇടവക മതബോധന കൗൺസിൽ, രക്ഷാകർത്തൃസമിതി ലിസ്റ്റ് യൂണിറ്റ് വാർഷികറിപ്പോർട്ട് ജൂലൈ 28–ാം തിയ്യതിക്കുള്ളിലും, മതബോധന കേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

4. **ലോഗോസ് ക്വിസ് രജിസ്ട്രേഷൻ ആരംഭം :** ജൂലായ് 1–ാം തിയ്യതി ഞായറാഴ്ച. അവസാന തിയ്യതി ജൂലൈ 31.

## Daily Catechism & Moral Science

1. **അവാർഡ് ദാനം :** 2011–2012 അദ്ധ്യയനവർഷത്തെ മതസന്മാർഗ്ഗബോധന ക്ലാസ്സുകളിലെ റാങ്ക് ജേതാക്കൾക്ക് ക്യാഷ് അവാർഡും ട്രോഫികളും ജൂലായ് 2 തിങ്കളാഴ്ച 2 മണിക്ക് മതബോധന കേന്ദ്രത്തിൽവെച്ച് നൽകുന്നതാണ്. ഏവരേയും ഈ പ്രസ്തുത ചടങ്ങിലേക്ക് ക്ഷണിക്കുന്നു.

2. **ട്രോഫി ജേതാക്കൾ :** രൂപതാ സ്കോളർഷിപ്പ് പരീക്ഷയിൽ കൂടുതൽ പോയിന്റുകൾ നേടി റോളിംഗ് ട്രോഫികൾക്ക് അർഹരായ സ്കൂളുകൾ

| | |
|---|---|
| H.S.S. | Sacred Heart, Chalakudy |
| H.S. | Sacred Heart, Chalakudy |
| | Little Flower, Irinjalakuda |
| U.P. | St. Joseph's E.M.H.S, Aloor |
| L.P. | St. Mary's L.P.S., Kuzhikkattussery |

N.B. : ട്രോഫികൾക്ക് അർഹത നിശ്ചയിക്കാൻ First Rank -5, Second Rank 3, Third Rank-2. മറ്റു റാങ്കുകൾക്ക്–1 എന്നീ ക്രമത്തിലാണ് പോയിന്റ്സ് നല്കിയിരിക്കുന്നത്.

**ഫാ. ജോർജ്ജ് വേഴപറമ്പിൽ**
ഡയറക്ടർ

## ഈ മാസം പിറന്നാളും തിരുന്നാളും ആഘോഷിക്കുന്ന വൈദികർ.

**FEAST DAY**

July 3
- Rev. Fr. Thomas Alukka
- Rev. Fr. Sinto Chittilappilly
- Rev. Fr. Thomas Elamkunnapuzha
- Rev. Fr. Thomas D. Malieckal
- Rev. Fr. Tom Malieckal
- Rev. Fr. Thomas Kannampilly
- Rev. Fr. Thomas Koottala
- Rev. Fr. Thomas Menachery
- Rev. Fr. Thomas Nattekadan
- Rev. Fr. Thomas Panjikaran
- Rev. Fr. Thomas Pudussery
- Rev. Fr. Thomas Thadikaran
- Rev.Fr. Thomas Velakkanadan

July 25
- Rev. Fr. Jijo Menoth
- Rev. Fr. James Kavalakatt
- Rev. Fr. Tijo Alappat
- Rev. Fr. Jaison Vadakkumchery
- Rev. Fr. James Athiyunthan
- Rev. Fr. Jaims Pallipatt

July 31
- Rev. Fr. Ignatius Chittilappilly
- Rev. Fr. Ignatius Chungath
- Rev. Fr. Saji Valiyaveettil

**BIRTH DAY**

July 1. Rev. Fr. George Vezhaparambil
3. Rev. Fr. Thomas Pudussery
Rev. Fr. Vincent Chembakassery
4. Rev. Fr. Varghese Chalissery
Rev. Fr. Jose K. Chittilappilly
5. Rev. Fr. Bency Cheenan
6. Rev. Fr. Joy Kadambatt
Rev. Fr. Thomas Kannampilly
7. Rev. Fr. Varghese O. Vazhappilly
8. Rev. Fr. Paul A. Ambooken
Rev. Fr. Benny Arimbully
10. Rev. Fr. Lijo Kalaparambath
11. Rev. Fr. Paul Chirayath
13. Rev. Fr. Lazar Kuttikadan
15. Rev. Fr. Paul Elamkunnapuzha
17 Rev. Fr. Sinto Alappat
18. Rev. Fr. Joy Puthenveettil
20. Rev. Fr. John Paul Iyyanam
24. Rev. Fr. Jijo Menoth
25. Rev. Fr. Jaison Vadakkumchery
27. Rev. Fr. Jaju Elamkunnapuzha
Rev. Fr. Saji Valiyaveettil

*ഏവർക്കും ഹൃദ്യമായ മംഗളാശംസകൾ!*




**1 കെ.സി.ബി.സി. മതാദ്ധ്യാപക അവാർഡുകൾ**

വിശ്വാസപരിശീലനരംഗത്ത് നിസ്തുലസേവനം കാഴ്ചവച്ച മതാധ്യാപകർക്കായി കേരളകത്തോലിക്കാമെത്രാൻസമിതി (കെ.സി.ബി.സി.) ഏർപ്പെടുത്തിയ 2012ലെ അവാർഡുകൾ ഈയിടെ പ്രഖ്യാപിച്ചു. സീറോമലബാർ സഭയിൽനിന്ന് കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോന ഇടവകയിലെ (ചങ്ങനാശ്ശേരി അതിരൂപത) ശ്രീ. ജോസ് ഫിലിപ്പുമേടയിൽ, ലത്തീൻ സഭയിൽനിന്ന് കുമ്പളങ്ങി (കൊച്ചി രൂപത) സെന്റ് മൈക്കിൾസ് ഇടവകയിലെ ശ്രീമതി അന്നമ്മ ജോസഫ് ഇത്തിപറമ്പിൽ, സീറോമലങ്കര സഭയിൽനിന്ന് മാങ്കാംകുഴി) സെന്റ് മേരീസ് ഇടവകയിലെ (മാവേലിക്കര രൂപത) ശ്രീ. ഷാജി ജോർജ്ജ് എന്നിവരാണ് അവാർഡിന് അർഹരായവർ. 25,000 രൂപയും പ്രശംസാപത്രവും മെമന്റോയും അടങ്ങുന്ന ഈ അവാർഡ് ദിവംഗതനായ ബഹു. മാത്യു നടയ്ക്കലച്ചന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയിട്ടുള്ളതാണ്.

**2 അയർലണ്ടിലെ ദിവ്യകാരുണ്യകോൺഗ്രസ് സമാപിച്ചു.**

അയർലണ്ടിന്റെ തലസ്ഥാനനഗരിയായ ഡബ്ലിനിൽ ജൂൺ 10 മുതൽ 17 വരെ നീണ്ടുനിന്ന അന്താരാഷ്ട്ര ദിവ്യകാരുണ്യകോൺഗ്രസ് ആഘോഷമായ ദിവ്യബലിയോടെ സമാപിച്ചു. 120 രാജ്യങ്ങളിൽനിന്ന് പതിനായിരങ്ങൾ എത്തിച്ചേർന്നു. ദിവ്യകാരുണ്യജീവിതം, കുടുംബം, ക്ഷമിക്കുന്ന സ്നേഹം, സഭാജീവിതം എന്നീ വിഷയങ്ങളെ അധികരിച്ചായിരുന്നു പ്രഭാഷണങ്ങൾ. വത്തിക്കാൻ പ്രതിനിധി കർദ്ദിനാൾ ഔഇത്ത്, ഡബ്ലിൻ ആർച്ചുബിഷപ്പ് ഡോ. സെൻ മൂണ്ട് മാർട്ടിൻ, കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി, മെത്രാപ്പോലീത്തമാർ, മെത്രാന്മാർ, അനേകം വൈദികർ, സന്യസ്തർ, അല്മായർ എന്നിവർ ദിവ്യകാരുണ്യ കോൺഗ്രസിൽ സംബന്ധിച്ചിരുന്നു.

**3 ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന് നവസാരഥി**

ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ആന്റ് ഫിലോസഫിയുടെ പുതിയ പ്രസിഡന്റായി റവ. ഡോ. വിൻസെന്റ് കുണ്ടുകുളം ഈയിടെ നിയമിതനായി. തൃശ്ശൂർ അതിരൂപതയിലെ വൈദികനായ ഡോ. വിൻസന്റ് പ്രമുഖദൈവശാസ്ത്രജ്ഞനും എഴുത്തുകാരനുമാണ്. 1997 മുതൽ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ അധ്യാപക

നുമായി സേവനം ചെയ്യുന്നു. കൂടാതെ പല വിദ്യാപീഠങ്ങളിൽ വിസിറ്റിങ്ങ് പ്രൊഫസറുമാണിദ്ദേഹം.

**4 ദാമ്പത്യ വിശ്വസ്തത–കുടുംബത്തിന്റെ കെട്ടുറപ്പ്**

വിവാഹത്തെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ പ്രബോധനം കൂടുതൽ ആഴത്തിൽ മനസ്സിലാക്കുന്നതിന് ദാമ്പത്യവിശ്വസ്തത, സമത്വം, പരസ്പര ബഹുമാനം എന്നിവയെക്കുറിച്ച് പങ്കാളികൾക്ക് ഉത്തമ ബോധ്യം നൽകണമെന്ന് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ. പാദുവാ ന്യൂഹിനിയായിൽനിന്നുള്ള മെത്രാന്മാരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിശ്വാസവും സംസ്കാരവും രൂപപ്പെടുത്തുന്നത് യഥാർത്ഥ കുടുംബത്തിൽനിന്നാണ്. ദാമ്പത്യവിശ്വസ്തത, സമത്വഭാവം, പരസ്പര ബഹുമാനം എന്നിവ കുടുംബത്തിന്റെ കെട്ടുറപ്പിന് അനിവാര്യമാണെന്നും ദൈവസ്നേഹമാണ് ദമ്പതികളെ ഒന്നിപ്പിക്കുന്ന ഘടകമെന്നും പരി. പിതാവ് ചൂണ്ടിക്കാട്ടി.

**5 ഒരിജന്റെ പ്രസംഗങ്ങൾ കണ്ടെത്തി.**

ജർമ്മനിയിൽ ബവേറിയയിലെ സ്റ്റേറ്റ് ലൈബ്രറിയിൽനിന്ന് മുമ്പ് പ്രസിദ്ധീകരിച്ചിട്ടില്ലാത്ത ഒരിജന്റെ ഇരുപത്തൊമ്പത് പ്രസംഗങ്ങൾ ഈയിടെ കണ്ടെത്തി. മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്രഗത്ഭനായ ദൈവശാസ്ത്രജ്ഞനായിരുന്നു ഒരിജൻ. അലക്സാണ്ടറിയായിലായിരുന്നു ജനനം. ഗവേഷണത്തിനിടയിൽ ഒരു ഇറ്റാലിയൻ പണ്ഡിതനാണ് വളരെ പ്രാധാന്യമുള്ള ഈ രേഖകൾ കണ്ടെത്തിയത്.

**6. മറിയംത്രേസ്യ–സ്വർഗ്ഗത്തിലേക്കുള്ള വഴികാട്ടി**

നോമ്പിന്റെയും പ്രാർത്ഥനയുടെയും ത്യാഗത്തിന്റെയുംവഴി തിരഞ്ഞെടുത്ത് കുടുംബനവീകരണത്തിനായി ജീവിതം സമർപ്പിച്ച തിരുക്കുടുംബ സമൂഹസ്ഥാപകയായി വാ. മറിയംത്രേസ്യ കുടുംബങ്ങളുടെ മധ്യസ്ഥയും മാർഗ്ഗദർശിയുമാണ്. ലോകജനതകൾക്കായി സ്വർഗ്ഗത്തിലേക്കുള്ള ദിശാസൂചകമാണ് വാ. മറിയംത്രേസ്യയെന്ന് ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ. വാ. മറിയംത്രേസ്യയുടെ തിരുനാളാഘോഷവേളയിൽ ജൂൺ 8–ന് വി. കുർബാനയിൽ മുഖ്യകാർമ്മികത്വം വഹിച്ച് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

**7 ബിഷപ്പ് ചക്കാലക്കൽ കോഴിക്കോടിന്റെ സാരഥി**

കണ്ണൂർ രൂപതയുടെ പ്രഥമ ബിഷപ്പ് എന്ന നിലയിൽ കാര്യക്ഷമമായി അജപാലനനേതൃത്വം നൽകിയ റൈറ്റ്. റവ. ഡോ. വർഗ്ഗീസ് ചക്കാലക്കൽ കോഴിക്കോട് രൂപതയുടെ 6–ാമത്തെ മെത്രാനായി ഈയിടെയാണ് നിയമിതനായത്. അദ്ദേഹത്തിന്റെ സ്ഥാനാരോഹണം ജൂൺ 10 ഞായറാഴ്ച കോഴിക്കോട് സിറ്റി സെന്റ് ജോസഫ്സ് ഗ്രൗണ്ടിൽ നടന്നു. ഇൻഡ്യയിലെ വത്തിക്കാൻ സ്ഥാനപതി മോസ്റ്റ്. റവ. ഡോ. സൽവത്തോരെ പെനാക്കിയോ സ്ഥാനാരോഹണ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

**റവ. ഡോ. ആന്റണി മഞ്ഞളി**

# സംഘടനാവാർത്തകൾ

## സി.എൽ.സി.

### 1 ഗ്ലോറിയ 2012, ജൂനിയർ CLC ക്യാമ്പ്

രൂപത CLC-യുടെ നേതൃത്വത്തിൽ ജൂനിയർ CLC അംഗങ്ങൾക്കായി 'ഗ്ലോറിയ 2012' എന്ന പേരിൽ മെയ് 25, 26, 27 തിയ്യതികളിൽ മാപ്രാണം ഹോളിക്രോസ് തീർത്ഥകേന്ദ്രത്തിൽവച്ച് ത്രിദിന പഠനക്യാമ്പ് സംഘടിപ്പിച്ചു. ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. റിജു പൈനാടത്ത് ആമുഖപ്രഭാഷണം നടത്തി. മാപ്രാണം ഹോളിക്രോസ് തീർത്ഥകേന്ദ്രം റെക്ടർ ഫാ. ജോഷി കല്ലിങ്ങൽ സന്ദേശം നൽകി. പ്രസിഡന്റ് സൈമൺ പുല്ലോക്കാരൻ അധ്യക്ഷത വഹിച്ചു. CLC സെക്രട്ടറി ഷോബി കെ. പോൾ, മാപ്രാണം CLC പ്രസിഡന്റ് ചാൾസ് ചാക്കോ, CLC ഓർഗനൈസർ ലൈജു പൊട്ടത്തുപറമ്പിൽ, CLC ജോ. സെക്രട്ടറി റിയ ജോസ് എന്നിവർ പ്രസംഗിച്ചു. സമാപന സമ്മേളനം രൂപത വികാരി ജനറാൾ മോൺ. ജോസ് ഇരിമ്പൻ ഉദ്ഘാടനം ചെയ്തു. അസി. ഡയറക്ടർ ഫാ. വിനീഷ് വട്ടോളി സമാപനസന്ദേശം നൽകി. മാപ്രാണം ഹോളിക്രോസ് തീർത്ഥകേന്ദ്രം റെക്ടർ ഫാ. ജോഷി കല്ലിങ്ങൽ അധ്യക്ഷത വഹിച്ചു. CLC ജോ. സെക്രട്ടറി സഞ്ചു വർഗ്ഗീസ്, വൈസ് പ്രസിഡന്റ് ക്രിസ്റ്റി തോമസ്, യൂണിറ്റ് പ്രസിഡന്റ് സോണിയാ സണ്ണി, സെക്രട്ടറി സൈമൺ റെച്ചി, അനൂപ് സി.എൽ., ഡിസോള ജോസ്, നിമ്മി ഡൊമിനിക്, സിജോ വെള്ളാനിക്കാരൻ എന്നിവർ പ്രസംഗിച്ചു. മൂന്ന് ദിവസമായി നടന്ന ക്യാമ്പിൽ രൂപതയിലെ വിവിധ ഇടവകകളിൽനിന്നും നൂറോളം പ്രതിനിധികൾ പങ്കെടുത്തു. ഷാജു മൈലിപ്പാറ, സെബിച്ചൻ കാലടി എന്നിവർ ക്ലാസിന് നേതൃത്വം നൽകി.

### 2 ജൂനിയർ CLC ഭാരവാഹികൾ

രൂപത ജൂനിയർ CLC ഭാരവാഹികളെ പഠനക്യാമ്പിൽവച്ച് തെരഞ്ഞെടുത്തു. പ്രസിഡന്റ് – ജീവൻ (നെല്ലായി), വൈസ് പ്രസിഡന്റുമാർ – ഏബിൾ ആന്റണി (ആനത്തടം), ടോൺസി തോമാസ് (ആനത്തടം), സെക്രട്ടറി – ആന്റണി സണ്ണി (മാപ്രാണം), ജോ. സെക്രട്ടറിമാർ – ജോയൽ കെ.എസ്. (പോട്ട), ലിയോൺ പോൾസൺ (മാപ്രാണം), ട്രഷറർ– ഷിന്റോ (കുറ്റിക്കാട്), കമ്മിറ്റി അംഗങ്ങൾ റോണി ആന്റണി (തെ. താണിശ്ശേരി, അനയ് ജാക്സൺ (കത്തീഡ്രൽ), ജോൺ ജോർജ്ജ് (നടവരമ്പ്), ആൽബിൻ (കുഴിക്കാട്ടുകോണം).

**ഫാ. റിജു പൈനാടത്ത്**
പ്രമോട്ടർ

## അവാർഡ്

I **Spiritual Renewal Day :** ബഹുമാനപ്പെട്ട അച്ചന്മാർക്കും സിസ്റ്റേഴ്സിനുമുള്ള മാസധ്യാനം ജൂലൈ 2–ന് തിങ്കളാഴ്ച രാവിലെ 9 മണി മുതൽ 4 മണി വരെ പരിയാരം CSR-ൽവെച്ച് നടത്തപ്പെടുന്നു.

2. **AVARD Team Meeting :** ജൂൺ മാസത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ജൂലൈ മാസത്തിൽ നടത്തേണ്ട കാര്യങ്ങൾ ചർച്ച ചെയ്ത് ആസൂത്രണം ചെയ്യുന്നതിനും അത് അവതരിപ്പിക്കുന്നതിനും ആയി 4–ാം തീയതി ടീം അവാർഡിൽ ഒത്തുചേരുന്നു.

3 **Participatory Monitoring & Evaluation :** ഓരോ ടീം അംഗത്തിന്റെയും പ്രവർത്തനങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തുവാനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുവാനും 30–ാം തിയ്യതി ഓരോ ടീമും ഒത്തുചേരുന്നു.

## II. Family Development Department

1 **Counselling :-** വിവിധ മാനസിക–കുടുംബ പ്രശ്നങ്ങളുമായി വരുന്നവർക്കും വിദ്യാർത്ഥികൾക്കും വിദഗ്ദ്ധരായ കൗൺസിലർമാരുടെ സൗജന്യസേവനം അവാർഡിൽ ലഭ്യമാക്കുന്നു.

2 **Awareness class :-** ചാലക്കുടി ITI & SH College കൊടകര–കുറ്റിച്ചിറ ഗവ. സ്കൂളുകൾ, ആളൂർ RMHS & SNVVHS, പരിയാരം–കൊരട്ടി സ്കൂളുകൾ എന്നിവിടങ്ങളിൽ കൗൺസലിംഗിന്റെ പ്രാധാന്യവും ആവശ്യകതയും ആസ്പദമാക്കി സ്കൂൾ തല ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു.

## III. Community Based Rehabilitation Prog.

1 **Awareness class :-** അവാർഡിന്റെ നേതൃത്വത്തിലുള്ള 10 ഗ്രാമപഞ്ചായത്തുകളിലെയും 45 സർഗ്ഗകൾക്കുവേണ്ടി പഞ്ചായത്ത് തോറും ബോധവൽക്കരണ ക്ലാസ്സ് നടത്തുന്നു.

2 **Medical Assistance :-** വികലാംഗ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വെള്ളിയാഴ്ചകളിലും കുട്ടികൾക്കുള്ള ചികിത്സാസഹായം വിതരണം ചെയ്യുന്നു.

## IV. Community Based Organisation

1. **Leaders Meet :-** പരിയാരം, അതിരപ്പിള്ളി, കോടശ്ശേരി, മറ്റത്തൂർ, വരന്തരപ്പിള്ളി എന്നീ 5 ഗ്രാമപഞ്ചായത്തുകളിലെയും അവാർഡിന്റെ നേതൃത്വത്തിലുള്ള ദേശം വികസന സംഘടനകളുടെ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടവരുടെ സംഗമം അവാർഡിൽ നടത്തപ്പെടുന്നു.

2. **Vegetable Seeds Distribution :-** ചിൽഡ്രൻസ് ക്ലബ്ബുകളിലെ അംഗ

ങ്ങൾക്ക് "എന്റെ അടുക്കളത്തോട്ടം" എന്ന പരിപാടിയെ പോഷിപ്പിക്കുന്ന തിനായി വിവിധയിനം പച്ചക്കറിവിത്തുകൾ വിതരണം ചെയ്ത് കൃഷിയെ പ്രോത്സാഹിപ്പിക്കുന്നു.

## V. Research & Training Dept.

1 **Block placement:-** കോയമ്പത്തൂരിലെ അമൃത കേളോജിൽനിന്നും അങ്ക മാലിയിലെ De Paul–ൽനിന്നും ഉള്ള 4 വിദ്യാർത്ഥികൾ അവരുടെ placement അവാർഡിൽ നടത്തുന്നു.

## VI. Agricultural Department

**A WGDP**

1 **Fund Distribution :-** അരീക്കൽതോട് നീർത്തട പദ്ധതിയിലെ കോണ്ടൂർ ബണ്ട് നിർമ്മാണം, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം എന്നിവയുടെ തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് അവ രുടെ വിഹിതം തുക വിതരണം ചെയ്യുന്നു.

**B KRWSA**

1 **Beneficiary Group Registrations :-** എളവള്ളി ഗ്രാമപഞ്ചായത്തിൽ വാർഡ് തോറും രൂപീകൃതമായി പ്രവർത്തിച്ചുവരുന്ന BG കൾ കാര്യക്ഷ മതയ്ക്കും സുസ്ഥിരതയ്ക്കും വേണ്ടി രജിസ്റ്റർ ചെയ്യപ്പെടുന്നു.

**ഫാ. ജോസ് റാഫി അമ്പൂക്കൻ**
എക്സി. ഡയറക്ടർ

## ചെറുപുഷ്പ മിഷൻ ലീഗ് (CML)

ചെറുപുഷ്പ മിഷൻ ലീഗിനെ സംബന്ധിച്ചിടത്തോളം 2012–13 വർഷം "വിശ്വാസവഴിയേ വിശുദ്ധിയിലേയ്ക്ക്" എന്ന പഠനവിഷയവുമായി കർമ്മരംഗത്ത്. വളരെ പ്രധാനപ്പെട്ട ഒരു മാസമാണ് ജൂലൈ മാസം. കാരണം CML സഹമധ്യസ്ഥരായ വി. തോമാശ്ലീഹായുടെയും (ജൂലൈ 3) വി. അൽഫോൻസാമ്മയുടേയും (ജൂലൈ 28) തിരുനാൾ ദിനങ്ങൾ. ഈ ദിവസങ്ങളിൽ അംഗങ്ങളെല്ലാവരും വി. കുർബാനയിൽ പങ്കെടുത്ത് വിശുദ്ധരോട് മാദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കുക. ജൂലൈ 14 ശനിയാഴ്ച കടുപ്പശ്ശേരി സോക്രഡ്ഹാർട്ട് പള്ളിയിൽവച്ച് ഉച്ചതിരിഞ്ഞ് 2 മണിക്ക് CML പ്രവർത്തനവർഷ ഉദ്ഘാടനം അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് നിർവ്വഹിക്കുന്നതാണ്. ഒപ്പം സംസ്ഥാന ഭാരവാഹികൾ നയിക്കുന്ന സെമിനാർ. ഈ മാസം CML അംഗങ്ങൾ അനുസ്മരിക്കുന്ന വിശുദ്ധർ, വി. തോമാശ്ലീഹ, വി. അൽഫോൻസാമ്മ. ഈ മാസം പ്രാർത്ഥിക്കേണ്ട സുകൃതജപം 'വി. അൽഫോൻസാമ്മേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**ഫാ. ജിനോജ് കോലംചേരി**
ഡയറക്ടർ

## സ്പിരിച്ചാലിറ്റി സെന്റർ

1 **ആരാധന :** തിങ്കളാഴ്ച മുതൽ ശനിയാഴ്ച വരെ രാവിലെ 8 മുതൽ വൈകീട്ട് 7.30 വരെ ആരാധനയ്ക്ക് എഴുന്നള്ളിച്ചു വച്ചിരിക്കും.

2 **പ്രേഷിത കൂട്ടായ്മ :** മാസത്തിന്റെ ആദ്യ വ്യാഴാഴ്ച 5-ാം തിയ്യതി ഉച്ചതിരിഞ്ഞ് 3 മണിക്ക്.

3 **വചനപ്രഘോഷണവും ആന്തരികസൗഖ്യ ആരാധനയും :** എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 3 വരെ പ്രസിദ്ധ വചനപ്രഘോഷകർ നയിക്കുന്ന വചനശുശ്രൂഷ, ദിവ്യബലി, കുമ്പസാരം, കൗൺസലിങ്ങ്, ആന്തരികസൗഖ്യ ആരാധന, തൈലാഭിഷേക പ്രാർത്ഥന, ബന്ധനമോചന ശുശ്രൂഷകൾ എന്നിവ നടത്തപ്പെടുന്നു. സമയം : രാവിലെ 9 മണി മുതൽ ഉച്ചതിരിഞ്ഞ് 3 മണി വരെ.

4 **ജെറീക്കോ പ്രാർത്ഥന :** 14-ാം തീയതി ശനിയാഴ്ച വൈകിട്ട് 5 മണിയുടെ കുർബാനയോടെ ആരംഭിക്കുന്നു. രാത്രി 8 മണിക്ക് സമാപിക്കുന്നു

5 **അഖണ്ഡ ജപമാല :** 29-ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മണി മുതൽ വൈകീട്ട് 5 മണിയുടെ കുർബാനയോടെ സമാപിക്കുന്നു.

6 ബഹുമാനപ്പെട്ട വൈദികർക്കുവേണ്ടി ഓരോ ദിവസവും പ്രത്യേകം പ്രാർത്ഥിക്കുന്നു. ദിവസം താഴെ ചേർക്കുന്നു. ഭക്ഷണം ഇവിടെ ഒരുക്കുന്നതായിരിക്കും. ജൂലൈ മാസത്തിൽ ഓരോ വൈദികരുടെയും പ്രാർത്ഥനാ ദിവസം

2. Fr. Varghese Vadakkepeedika
3. Fr. George Palamattam
4. Fr. Anto Parekadan
5. Fr. Thomas Menachery
6. Fr. Varghese Thettayil
7. Msgr. Davis Ambooken
9. Fr. Paul C. Ambooken
10 Fr. George Mangalan
11 Fr. Vincent Chalissery
12. Fr. Varghese O. Vazhappilly
13 Fr. Sebastian Ezhekadan
14. Fr. Paul Elamkunnapuzha
16. Fr. Sebastian Aricatt
17. Fr. George Maliekal
18. Fr. Sebastian Vazhappilly
19. Msgr. Sebastian Maliekal
20 Fr. John Kavalakkatt (Sr.)
21 Fr. Antony Manjaly
23 Fr. Antony Pudussery
24 Fr. George Kalan
25 Fr. Jose U. Vazhapilly
26. Fr. James Kavalakkatt
27 Fr. Sebastian Valiyaveettil
28. Fr. George Kandamkulathi
30 Fr. Jose Kavunkal
31 Fr. Thomas Panjikaran

**ഫാ. തോമസ് മേനാച്ചേരി**
വൈസ് റെക്ടർ

# കെ.സി.വൈ.എം.

**ചാലക്കുടി മേഖലാ യുവജനസംഗമം (മെയ് 26)**

KCYM ചാലക്കുടി മേഖലാ യുവജനസംഗമം മൂന്നുമുറി പള്ളിയിൽ ചാലക്കുടി മേഖലാ പ്രസിഡന്റ് തൈജോ വാസുപുരത്തുകാരന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. KCYM രൂപതാ ഡയറക്ടർ ഫാ. കിൻസ് എളങ്കുന്നപ്പുഴ ഉദ്ഘാടകനായിരുന്ന സമ്മേളനത്തിൽ രൂപതാ ചെയർമാൻ ബാസ്റ്റിൻ ഫ്രാൻസിസ്, അസി. വികാരി ഫാ. നിജോ പള്ളായി, യൂണിറ്റ് പ്രസിഡന്റ് സിന്റൊ, ഇടവക ട്രസ്റ്റി തുടങ്ങിയവർ പ്രസംഗിച്ചു. വിവിധ യൂണിറ്റുകളിൽനിന്നായി 217 പ്രവർത്തകർ പങ്കെടുത്തു. തുടർന്ന് സംസ്ഥാന പ്രസിഡന്റ് തോംസൺ ചിരിയങ്കണ്ടത്ത് ക്ലാസ്സ് നയിച്ചു.

**ഇരിങ്ങാലക്കുട മേഖലാ യുവജനസംഗമം (മെയ് 27)**

KCYM ഇരിങ്ങാലക്കുട മേഖലാ യുവജനസംഗമം മെയ് 27 ഞായർ രാവിലെ 6 മണിക്ക് കുഴിക്കാട്ട്കോണം പള്ളിയിൽവച്ച് മേഖലാ പ്രസിഡന്റ് ആന്റണിയുടെ അധ്യക്ഷതയിൽ നടന്നു. രൂപതാ ഡയറക്ടർ ഫാ. കിൻസ് എളങ്കുന്നപ്പുഴ ഉദ്ഘാടകനായിരുന്ന യോഗത്തിൽ ഇടവക വികാരി ഫാ. ജോസഫ് കാനംകുടം മുഖ്യപ്രഭാഷണം നടത്തി. രൂപത ജന. സെക്രട്ടറി ലാജോ ഓസ്റ്റിൻ യൂണിറ്റ് പ്രസിഡന്റ്, ഇടവക ട്രസ്റ്റി തുടങ്ങിയവർ പ്രസംഗിച്ചു. രൂപതാ ജന. സെക്രട്ടറി ശ്രീ. ലാജോ ഓസ്റ്റിന് രൂപതാ ചെയർമാൻ ബാസ്റ്റിൻ ഫ്രാൻസിസ് ധീരതക്കുള്ള മെമെന്റോ നൽകി ആദരിച്ചു. വിവിധ യൂണിറ്റുകളിൽനിന്നായി 93 യുവതീയുവാക്കന്മാർ പങ്കെടുത്ത യോഗത്തിൽ തോംസൺ ചിരിയങ്കണ്ടത്ത് ക്ലാസ്സ് നയിച്ചു.

**ജൂൺ 3 – പുകയില പാൻമസാല വിരുദ്ധ ദിനാചരണം.**

KCYM ഇരിങ്ങാലക്കുട രൂപതാ സമിതിയുടെ പുകയില പാൻമസാല വിരുദ്ധദിനാചരണം മാള ഫൊറോന പള്ളിയിൽവച്ച് ജൂൺ3–ന് കൊടുങ്ങല്ലൂർ MLA. ശ്രീ. ടി.എൻ. പ്രതാപൻ ഉദ്ഘാടനം ചെയ്തു. മാള യങ്ങ് സ്റ്റാൻസ് KCYM –ന്റെ സഹകരണത്തോടുകൂടി സംഘടിപ്പിച്ച പരിപാടിയിൽ, അസി. വികാരി ഫാ. ലിജോ കരുത്തി, ഫാ. ഡിന്റോ പ്ലാക്കൽ, ചാൾസ്, റിജോയ് വർഗ്ഗീസ്, നിഥിൻ ടോണി, ജോഷി പുത്തരിക്കൽ, ജാസ്മിൻ ജോളി തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. രൂപതാ ചെയർമാൻ ബാസ്റ്റിൻ ഫ്രാൻസിസ് അദ്ധ്യക്ഷനായിരുന്നു.

**ജൂൺ 10 – ലോക പരിസ്ഥിതി ദിനാചരണം**

ലോകപരിസ്ഥിതി ദിനാചരണം രൂപത KCYM സമിതിയുടെ നേതൃത്വത്തിൽ KCYM മുരിക്കിങ്ങൽ യൂണിറ്റിന്റെ സഹകരണത്തോടു കൂടി മുരിക്കിങ്ങൽ പള്ളിയിൽ പുതുക്കാട് MLA പ്രൊഫ. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. രൂപതാ ചെയർമാൻ ബാസ്റ്റിൻ ഫ്രാൻസിസ് അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ

ഇടവക വികാരി ഫാ. തോമസ് കണ്ണമ്പിള്ളി, മേഖലാ പ്രസിഡന്റ് നൈജോ രൂപതാ ജന. സെക്രട്ടറി ലാജോ ഓസ്റ്റിൻ, KCYM മുരിക്കിങ്ങൽ യൂണിറ്റ് പ്രസിഡന്റ് തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

**വനിതാ ക്യാമ്പ് – പ്രചോദിനി**

KCYM സ്റ്റേറ്റ് സമിതിയുടെ വനിതാ ക്യാമ്പ് മെയ് 25, 26, 27 തിയ്യതികളിൽ ചങ്ങനാശ്ശേരി അതിരൂപതയിലെ അതിരമ്പുഴ ഫൊറോന പള്ളിയിൽവച്ച് നടന്നു. ഇരിങ്ങാലക്കുട രൂപതയെ പ്രതിനിധീകരിച്ച് 6 KCYM വനിതകൾ പങ്കെടുത്തു.

**പുതിയ യൂണിറ്റുകൾ**

മാള ഫൊറോന പള്ളി, കൊടുങ്ങല്ലൂർ ശൃംഗപുരം തുടങ്ങിയ സ്ഥലങ്ങളിൽ പുതിയ യൂണിറ്റുകൾ ആരംഭിച്ചു. പുതിയ യൂണിറ്റുകൾക്ക് KCYM കുടുംബത്തിലേക്ക് സ്വാഗതം.

**ഫാ. കിൻസ് എളംകുന്നപ്പുഴ**

ഡയറക്ടർ.

---

## ബി. എൽ. എം. ധ്യാനകേന്ദ്രം

**ധ്യാനകേന്ദ്രത്തിലെ ജൂലൈ മാസത്തിലെ താമസിച്ചുള്ള ധ്യാനങ്ങൾ**

| | | |
|---|---|---|
| 5, 6, 7, 8 | : | ആന്തരികസൗഖ്യധ്യാനം |
| 12, 13, 14, 15 | : | യുവജനധ്യാനം |
| 19, 20, 21, 22 | : | പരിശുദ്ധാത്മാഭിഷേക ധ്യാനം |
| 26, 27, 28, 29 | : | ആന്തരികസൗഖ്യധ്യാനം |

**മറ്റ് ശുശ്രൂഷകൾ**

* **ഏകദിന കൺവെൻഷൻ**
  എല്ലാ വ്യാഴാഴ്ചകളിലും രാവിലെ 9.30 മുതൽ വൈകിട്ട് 3.30 വരെ
* **വിധവകളുടെ ഏകദിനധ്യാനം**
  രണ്ടാം തിങ്കളാഴ്ച (09–07–2012) രാവിലെ 10 മുതൽ വൈകീട്ട് 3.30 വരെ.
* **ഏകസ്ഥരുടെ ഏകദിനധ്യാനം**
  മൂന്നാം തിങ്കളാഴ്ച (16.7.2012) രാവിലെ 10 മുതൽ വൈകീട്ട് 3.00 വരെ.
* **ജാഗരണ പ്രാർത്ഥന**
  10. 7. 2012 രണ്ടാം ചൊവ്വാഴ്ച വൈകീട്ട് 6 മുതൽ ബുധനാഴ്ചരാവിലെ 6 വരെ.

**ഫാ. ജോയ് തറക്കൽ**
ഡയറക്ടർ

## സോഷ്യൽ ആക്ഷൻ

1. ജൂൺ 28, 29, ജൂലൈ 3, 4, 5 എന്നീ തിയ്യതികളിൽ പടിയൂർ, കുഴിക്കാട്ടുശ്ശേരി, ചാമക്കുന്ന്, ഐക്കരക്കുന്ന്, തുറവൻകുന്ന്, എടക്കുളം എന്നീ ഇടവകാതിർത്തിക്കുള്ളിൽ SAFP പദ്ധതിപ്രകാരം New family creative Verification Visit.
2. ജൂൺ 25, 27, ജൂലൈ 3, 16 എന്നീ തിയ്യതികളിൽ രാവിലെ 9.30 മുതൽ 'മഴവില്ല്' പദ്ധതിയുടെ ഭാഗമായി RMHS Aloor, ഇരിങ്ങാലക്കുട സംഗമേശ്വര ഹൈസ്കൂൾ, ആളൂർ സെന്റ് ജോസഫ്സ് ഹയർ സെക്കന്ററി സ്കൂൾ, RHS Thumboor എന്നീ സ്കൂളുകളിൽ കൗൺസലിംഗ്.
3. ജൂൺ 28–ന് SPED III പദ്ധതിയുടെ ഭാഗമായി പാറക്കടവ്, പൂവ്വത്തുശ്ശേരി, ഇരിമ്പുങ്കൽ, പുഞ്ചത്തറ, ജയന്തി എന്നിവിടങ്ങളിൽ Soil Fest.
4. ജൂലൈ 10, 11, 12, 17 എന്നീ തിയ്യതികളിൽ മേഖലാതലത്തിൽ SAFP ഗുണഭോക്തൃസംഗമം യഥാക്രമം മാള ഫൊറോന ഹാൾ, ഇരിങ്ങാലക്കുട സോഷ്യൽ ഫോറം ഓഡിറ്റോറിയം, വെള്ളാങ്കല്ലൂർ പാരിഷ്ഹാൾ, ചാലക്കുടി ഫൊറോന ഹാൾ എന്നിവിടങ്ങളിൽ.
5. ജൂലൈ 3–ന് കനകമല പള്ളി ഹാളിൽവച്ച് IDEA പദ്ധതിയുടെ ഭാഗമായി പൊതുജനസമ്പർക്കപരിപാടി.
6. ജൂലൈ 11, 13 എന്നീ തിയ്യതികളിൽ IDEA-യുടെ ഭാഗമായി ഇരിങ്ങാലക്കുട ഗവ. ബോയ്സ് ഹൈസ്കൂൾ, ആളൂർ ശ്രീകൃഷ്ണവിലാസം ഹൈസ്കൂൾ എന്നിവിടങ്ങളിൽ മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ദുരുപയോഗത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സ്.

**ഫാ. ആന്റണി മുക്കാട്ടുകരക്കാരൻ**
ഡയറക്ടർ

---

# സ്മരണാഞ്ജലി



| | | |
|---|---|---|
| റവ. ഫാ. ജേക്കബ് എളങ്കുന്നപ്പുഴ | : | 01. 07. 1979 |
| മോൺ. ജോർജ്ജ് തെക്കേക്കര | : | 28. 07. 1982 |
| റവ. ഫാ. ജോൺ ചെറുനിലം | : | 31. 07. 1984 |
| റവ. ഫാ. ആന്റണി കിഴക്കൂടൻ | : | 30. 07. 1995 |

# തിരുഹൃദയ ഭവനം സെമിനാരി

**1. പരിശീലനം പൂർത്തിയാക്കിയ 2011–12 ബാച്ച്**

4–ാം വർഷ മൈനർ സെമിനാരി പരിശീലനം വിജയകരമായി പൂർത്തിയാക്കിയ 11 വൈദികവിദ്യാർത്ഥികളിൽ 5 പേർ വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലേയ്ക്കും 5 പേർ മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിലേക്കും തത്വശാസ്ത്രപഠനത്തിനായി അയയ്ക്കപ്പെട്ടു.

**2. പരിശീലനം ആരംഭിച്ച 2012–13 ബാച്ച്**

ഈ വർഷത്തെ പരിശീലനത്തിന് വേണ്ടി 13 വൈദികവിദ്യാർത്ഥികൾ ജൂൺ 1–ന് വൈകിട്ട് 4.30ന് സെന്റ് പോൾസ് മൈനർ സെമിനാരിയിൽനിന്ന് തിരുഹൃദയഭവനത്തിൽ എത്തിച്ചേർന്നു. ജൂൺ 2–ന് അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവ് ഈ വർഷത്തെ പരിശീലനപരിപാടികൾ ഉദ്ഘാടനം ചെയ്തു.

**3. 2012–13 വർഷത്തെ പരിശീലന പരിപാടികൾ**

**1–ാം ഘട്ടം : സ്വയാവബോധഘട്ടം**

- പങ്കാളിത്താധിഷ്ഠിത ലക്ഷ്യ രൂപീകരണം
- പരിയാരം സി.എസ്.ആറിൽ ധ്യാനം
- പുന്നപ്ര ദനഹാലയയിൽ മനഃശാസ്ത്ര വിശകലനവും കൗൺസലിംഗും ക്ലാസ്സുകളും
- തിരുഹൃദയഭവനത്തിൽ മാനുഷിക രൂപീകരണം, വൈകാരികപക്വത, ലൈംഗികത, വ്യക്തിത്വവികസനം, അടിസ്ഥാന ക്രിസ്തീയപ്രബോധനങ്ങൾ, അനുദിന ആത്മീയ അനുഷ്ഠാനങ്ങൾ എന്നിവയിൽ ക്ലാസ്സുകൾ
- യോഗപരിശീലനം
- സംസ്കൃതം, മലയാളം ഭാഷാപഠനം

**2–ാം ഘട്ടം : ദൈവൈക്യഘട്ടം**

- ഒരു ധ്യാനകേന്ദ്രത്തിൽ ധ്യാനം
- ക്രിസ്തീയ ശിഷ്യത്വം, പ്രാർത്ഥന, ആത്മീയ ജീവിതം, പൗരോഹിത്യ ആദ്ധ്യാത്മികത എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ
- വിവിധ ധ്യാനരീതികളുടെ അഭ്യസനം.
- കുരിശുമല ആശ്രമത്തിൽ ആശ്രമജീവിതാനുഭവം.
- ദിവ്യകാരുണ്യനാഥനോടൊപ്പമുള്ള താബോർ ദിനങ്ങൾ.
- ഇംഗ്ലീഷ് ഭാഷാപഠനം.

**3–ാം ഘട്ടം : സാമൂഹ്യാവബോധഘട്ടം**

- സാമൂഹിക പ്രവർത്തനത്തെ ഹ്രസ്വകാല കോഴ്സ്
- സാമൂഹിക പ്രവർത്തന–ജീവകാരുണ്യ സ്ഥാപനങ്ങളിൽ ശുശ്രൂഷ.
- മാനേജ്മെന്റ്, യൂത്ത് മിനിസ്ട്രി, ഫയൽ കീപ്പിംഗ്, ഇന്നത്തെ ലോകം

എന്നീ വിഷയങ്ങളിൽ ഹ്രസ്വകാല കോഴ്സുകൾ.

- രൂപതയെ അടുത്തറിയുന്നതിനുവേണ്ടി പള്ളികളിലും സ്ഥാപനങ്ങളിലും സന്ദർശനം
- മേജർ സെമിനാരി പ്രവേശന പരീക്ഷയ്ക്കൊരുക്കമായുള്ള തീവ്രപരിശീലനം.

കൂടാതെ, ഇംഗ്ലീഷ് സംസാരപരിശീലനം, കമ്പ്യൂട്ടർ പരിശീലനം, പാചകപരിശീലനം, പ്രസംഗപരിശീലനം, സംഗീതപരിശീലനം, അജപാലനശുശ്രൂഷയിൽ പരിശീലനത്തിനായി ഇടവക പള്ളിയിൽ ഞായറാഴ്ച കുർബാന, കുടുംബസമ്മേളനങ്ങളിൽ പങ്കാളിത്തം, കുടുംബസന്ദർശനം എന്നിവയും ഉണ്ടായിരിക്കുന്നതാണ്.

**സാമ്പത്തികസഹായം നൽകിയവർ**

1 സെന്റ് ജോസഫ്സ് ചർച്ച്, നോർത്ത് ചാലക്കുടി
2. റവ. ഫാ. പോൾ വാഴപ്പിള്ളി
3. വെരി. റവ. ഫാ. ജോസ് കാവുങ്കൽ
4. റവ. ഫാ. ജിജി കുന്നേൽ
5. ശ്രീ. സെബാസ്റ്റ്യൻ, ബഹറിൻ C/o. റവ. ഫാ. ആന്റു ആലപ്പാടൻ
6. ശ്രീ. കെ.കെ. ജോസ് കിഴക്കുംതല, ചാലക്കുടി
7. ശ്രീ. സി.ജെ. സെബാസ്റ്റ്യൻ, അവിട്ടത്തൂർ
8. ശ്രീ. ജോസ് ചാക്കു, വടക്കൻ
9. കാസ്റ്റർ & ഫിഷർ ഫാർമ ലിമിറ്റഡ് നോർത്ത് ചാലക്കുടി
10. ശ്രീ. തോമസ് ചെതലൻ, നോ. ചാലക്കുടി
11. ശ്രീ. സി.ജെ. സിജോ, പറപ്പൂക്കര
12. ശ്രീ. സെബാസ്റ്റ്യൻ മാരോട്ടിക്കൽ, നോ. ചാലക്കുടി

**ഫാ. ഡേവിസ് കിഴക്കുംതല**
റെക്ടർ

# കാത്തലിക് മൂവ്മെന്റ്

## SSLC, +2 എന്നിവയിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്ക് സ്വീകരണം

2012 മാർച്ച് മാസത്തിൽ നടന്ന SSLC, +2 പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ ഇരിങ്ങാലക്കുട രൂപതയിലെ ഇടവകാംഗങ്ങളായ വിദ്യാർത്ഥികൾക്കും, 10-ാം ക്ലാസ്സ് മതബോധന പരീക്ഷയിൽ 1, 2, 3 റാങ്കുകൾ നേടിയവർക്കും ഇക്കൊല്ലവും രൂപത കാത്തലിക് മൂവ്മെന്റ് സ്വീകരണവും പാരിതോഷികങ്ങളും നൽകുന്നു. ആഗസ്റ്റ് 15-ാം തീയതി ബുധനാഴ്ച ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജ് ഓഡിറ്റോറിയത്തിൽവെച്ച് അഭിവന്ദ്യ പിതാവ് മാർ പോളി കണ്ണൂക്കാടൻ അവാർഡുകൾ വിതരണം ചെയ്യുന്നതായിരിക്കും. ഉയരാൻ കൊതിക്കുന്ന കുരുന്നുകൾക്ക് ഉത്തേജനം നൽകുക

എന്ന ലക്ഷ്യമാണ് സി.എം.ന്റെ ഈ അവാർഡ് ദാനത്തിലുള്ളത്. നാളെയുടെ വക്താക്കളാകേണ്ടവരും സമൂഹനന്മ ലക്ഷ്യമാക്കി സഭയുടെ ധീരരും കർമോത്സുകരുമായി വളരേണ്ടവരുമായവർക്ക് കാത്തലിക് മൂവ്മെന്റ് നൽകുന്ന ഒരു ഉണർത്തുപാട്ട് കൂടിയാണിത്. ഈ പ്രോത്സാഹനകൂട്ടായ്മ വർഷംതോറും സംഘടിപ്പിച്ചുവരുന്നു.

ഗ്രേഡ് പോയിന്റ് 80 അതായത് (ജി.പി.എ) ആവറേജ് 8 എങ്കിലും ലഭിച്ചിട്ടുള്ളവർക്കാണ് അവാർഡുകൾ നൽകുന്നത്. അർഹരായ വിദ്യാർത്ഥികൾ ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ മാർക് ലിസ്റ്റിന്റെ കോപ്പിയും, പാസ്പോർട്ട് സൈസ് ഫോട്ടോയും, സ്വന്തം മേൽവിലാസമെഴുതിയ കവറും സഹിതം 2012 ജൂലായ് 20–ാം തിയ്യതിക്കകം സെക്രട്ടറി, കാത്തലിക് മൂവ്മെന്റ്, മാർതോമാ സെന്റർ, ബി.എൽ.എം. ആളൂർ 680 683 എന്ന വിലാസത്തിൽ അയച്ചുതന്ന് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

NB:- ഗ്രേഡ് കണക്കാക്കുന്നത് A+=9, A=8, B+=7, B=6, C+=5, C=4

സപ്ലിമെന്റിൽ പ്രസിദ്ധീകരിക്കുന്നതിന് പാസ്പോർട്ട്സൈസ് ഫോട്ടോ (ഫോട്ടോയുടെ പിൻവശത്ത് പൂർണ്ണ മേൽവിലാസം രേഖപ്പെടുത്തി) ഈ അപേക്ഷയോടൊപ്പം അയച്ചു തരുവാൻ അഭ്യർത്ഥിക്കുന്നു.

**ഫാ. ജോൺ കവലക്കാട്ട് (Jr.)**
ഡയറക്ടർ

## സാൻജോസദൻ

**ജൂലൈ 2012**

| | |
|---|---|
| 3 | ക്ലിനിക്കൽ മീറ്റിങ്ങ് |
| 6 | സ്റ്റാഫ് മീറ്റിംഗ് |
| 11 | ചികിത്സയിലായിരിക്കുന്നവരുടെ ഭാര്യമാരുടെ മീറ്റിംഗ് |
| 15 | എ.എ. + അൽ അനോൺ മീറ്റിങ്ങ് |
| 20 | സാൻജോസദൻ പ്രാർത്ഥനാദിനം |
| 25 | ചികിത്സയിലായിരിക്കുന്നവരുടെ ഭാര്യമാരുടെ മീറ്റിംഗ് |

**ഇന്നലെകൾ**

മെയ് മാസത്തിൽ 39 പേർ ചികിത്സ സ്വീകരിച്ച് ലഹരി വിമുക്ത ജീവിതം നയിക്കുന്നു. മെയ് 20–ാം തീയതി നടന്ന എ.എ.+അൽ അനോൺ മീറ്റിങ്ങിൽ എ.എ. 100ഉം, അൽ അനോൺ 50ഉം പേർ സംബന്ധിച്ചു. ബഹു. പോളി കണ്ണൂക്കാടനച്ചൻ ദിവ്യബലി അർപ്പിച്ചു. വചനസന്ദേശവും നൽകി. ബ്ര. അനിക് ജോർജ്ജ് കുടുംബജീവിതത്തെക്കുറിച്ചും പ്രാർത്ഥനയെപ്പറ്റിയും പ്രഭാഷണം നടത്തി.

**ഫാ. പോളി കണ്ണൂക്കാടൻ**
ഡയറക്ടർ

## സെന്റ് പോൾസ് മൈനർ സെമിനാരി

1 തൃശ്ശൂർ വികാരിയാത്തിന്റെ 125–ാം വാർഷികദിനത്തിൽ (മെയ് 20) നന്ദി സൂചകമായി പ്രത്യേക പ്രാർത്ഥന നടത്തി.

2. വേനലവധി കഴിഞ്ഞ് വൈദിക വിദ്യാർത്ഥികൾ സെമിനാരിയിൽ തിരിച്ചെത്തി.

3. സെലക്ഷൻ ലഭിച്ച പതിനേഴ് വിദ്യാർത്ഥികളുടെ സെമിനാരി പ്രവേശനം മെയ് 23–നായിരുന്നു. അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവ് മുഖ്യ കാർമ്മികനായിരുന്നു.

4. തത്വശാസ്ത്രപഠനവും ദൈവശാസ്ത്രപഠനവും ആരംഭിക്കുന്ന വൈദിക വിദ്യാർത്ഥികൾക്ക് പ്രാർത്ഥനാപൂർവ്വകമായ യാത്രയയപ്പ് നൽകി.

5. പെന്തക്കുസ്ത തിരുനാളിൽ (മെയ് 27) പരിശുദ്ധാത്മാവിന്റെ വരദാനങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ട് ആരാധന നടത്തി.

6. ഡിഗ്രി കോഴ്സ് ചെയ്യുന്ന സെമിനാരി വിദ്യാർത്ഥികൾക്ക് രണ്ടാം സെമസ്റ്റർ പരീക്ഷ മെയ് 29–ന് ആരംഭിച്ചു.

7. ഇരിങ്ങാലക്കുട ബിഷപ്സ് ഹൗസിൽ കൂടിയ 'ഫോർമേഷൻ കൗൺസിൽ' യോഗത്തിൽ റെക്ടറച്ചൻ പങ്കെടുത്തു.

8. പ്ലസ് വൺ സെമിനാരി വിദ്യാർത്ഥികൾ ഏകജാലകം വഴിയുള്ള അപേക്ഷ സമർപ്പിച്ചു.

9. നാലാം വർഷ പരിശീലനത്തിന് പതിമൂന്ന് സെമിനാരി വിദ്യാർത്ഥികൾക്ക് ആളൂർ തിരുഹൃദയ ഭവനത്തിലേയ്ക്ക് പ്രാർത്ഥനാപൂർവ്വകമായ യാത്രയയപ്പ് നൽകി. അഭിവന്ദ്യ ജെയിംസ് പിതാവ് അനുഗ്രഹാശിസ്സുകൾ നേർന്നു.

10. ജൂൺ 3–ാം തിയ്യതി ബൈബിൾ ഞായർ ആചരിച്ചു. വചനമായ യേശുവിനെ ആഴത്തിൽ അറിയാനും, തീവ്രമായി സ്നേഹിക്കാനും ദിവ്യകാരുണ്യ ആരാധന നടത്തി.

11. ജൂൺ 5–ാം തിയ്യതി ലോകപരിസ്ഥിതി ദിനത്തിൽ മാലിന്യ നിർമ്മാർജ്ജനത്തിനും പരിസ്ഥിതി സംരക്ഷണത്തിനുമായി ബോധവൽക്കരണ പരിപാടികൾ നടത്തി.

12. വാ. മറിയംത്രേസ്യയുടെ തിരുനാൾ സമുചിതമായി ആഘോഷിച്ചു.

13. സെമിനാരിയിൽ യോഗ ക്ലാസ്സുകൾ ആരംഭിച്ചു. ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ വിവേകാനന്ദ സാർ ക്ലാസ്സ് നയിക്കുന്നു.

14. മാസധ്യാനം നയിച്ചത് റവ. ഫാ. ആന്റണി തെക്കിനേത്ത്.

15. തിരുഹൃദയത്തിരുന്നാളിൽ ആഘോഷമായ ദിവ്യബലിയ്ക്ക് അഭിവന്ദ്യ ജെയിംസ് പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് 8 മണിക്ക് തിരുഹൃദയപ്രതിഷ്ഠ നടത്തി.

16. അഭിവന്ദ്യ ജെയിംസ് പിതാവിന്റെ Sister-in-law-യുടെ മൃതദേഹസംസ്കാരചടങ്ങിൽ സംബന്ധിച്ച് അനുശോചനം അറിയിച്ചു.

17. തിരുഹൃദയ തീർത്ഥകേന്ദ്രത്തിലെ ഉപവാസപ്രാർത്ഥനായജ്ഞത്തിൽ പങ്കെടുക്കുകയും സെമിനാരി വിദ്യാർത്ഥികൾ തിരുമണിക്കൂർ നയിക്കുകയും ചെയ്തു.
18. നാഗ്പൂർ ആർച്ച്ബിഷപ്പ് ഡോ. അബ്രാഹം വിരുതുകുളങ്ങര സെമിനാരി സന്ദർശിക്കുകയും ജെയിംസ് പിതാവുമൊന്നിച്ച് കൂടിക്കാഴ്ച നടത്തുകയും ചെയ്തു.
19. രൂപതാ സ്ഥാപനത്തിന്റെയും ജെയിംസ് പിതാവിന്റെ മെത്രാൻ നിയമനത്തിന്റെയും വാർഷികദിനത്തിൽ പ്രത്യേക പ്രാർത്ഥന നടത്തി.

**സാമ്പത്തികസഹായം നൽകിയവർ**

1 റവ. സി. സുപ്പീരിയർ & Co.,അൽവേർണിയ പ്രൊവിൻഷ്യൽ ഹൗസ്, ചാലക്കുടി.
2. നെസ്ൽ ജോസഫ് കളമ്പാടൻ, വെള്ളിക്കുളങ്ങര
3. റവ. ഫാ. തോമസ് പഞ്ഞിക്കാരൻ, മൈനർ സെമിനാരി, ഇരിങ്ങാലക്കുട
4. മിസ്സ് സെലിൻ ജോസഫ് മാളിയേക്കൽ, എളന്തിക്കര
5. മിസ്സ് സി.കെ. ലിസ്സി ചേറ്റുപുഴക്കാരൻ, കാട്ടൂർ
6. ശ്രീ. യു.ഡി. ജോസ് ഊക്കൻ, ശില്പി ഹോം, എടക്കുളം
7. വികാരി & കൈക്കാരന്മാർ സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, കല്ലംകുന്ന്
8. ശ്രീ. സണ്ണി എം.എസ്. മാമ്പിള്ളി പാംവ്യൂ വില്ലാസ്, കാട്ടുങ്ങച്ചിറ
9. ശ്രീ. ആന്റണി പാറേമ്മൽ, കരുവന്നൂർ
10. ശ്രീ. വർഗ്ഗീസ് സി.എൽ. ചൊവ്വരക്കാരൻ, ചാലക്കുടി
11. ശ്രീമതി ലിൻസി ജോൺ വടക്കേപ്പീടിക

**ഫാ. വർഗ്ഗീസ് പാലത്തിങ്കൽ,** റെക്ടർ

---

## നവചൈതന്യ

**ജൂലൈ 2012**

| | |
|---|---|
| 1 | ആദ്യഞായർ കൂട്ടായ്മ, ഫോളോ അപ്പ് സെമിനാർ, NARF മീറ്റിംഗ് |
| 11 | പ്രാർത്ഥനാദിനം, സ്റ്റാഫ് മീറ്റിംഗ് |
| 14–21 | ലഹരിമോചന പരിശീലനക്യാമ്പ് |
| 15 | ജാഗരണപ്രാർത്ഥന |
| 16 | എഡിറ്റോറിയൽ, റിസോഴ്സ് ടീം അംഗങ്ങൾ മീറ്റിംഗ് |
| 23, 24, 25 | ഫീൽഡ് വിസിറ്റ് |
| 26 | ഔട്ട്റീച്ച് പ്രോഗ്രാം |
| 27–28 | സ്ത്രീകളുടെ ക്യാമ്പ് |

**ഫാ. ബെന്നി കരിമാലിക്കൽ**
ഡയറക്ടർ

## ഫ്രാൻസിസ്ക്കൻ അസോസിയേഷൻ

### അല്മായ ഫ്രാൻസിസ്ക്കൻ സഭ

**1 പരിസ്ഥിതി ദിനാചരണവും നേതൃത്വ പരിശീലനവും**

അല്മായ ഫ്രാൻസിസ്ക്കൻ സഭ (SFO) പരിസ്ഥിതി ദിനാചരണവും നേതൃത്വ പരിശീലനവും ക്ലാസ്സും 2012 ജൂൺ 9-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ചാലക്കുടി സെന്റ് മേരീസ് ഫൊറോന ദേവാലയത്തിൽവച്ച് നടത്തപ്പെട്ടു. ബഹു. ആന്റണി തെക്കിനിയത്ത് OFM Cap. പരിസ്ഥിതി ദിനാചരണത്തിന്റെ ആവശ്യകതയെക്കുറിച്ചും ശുചീകരണത്തെക്കുറിച്ചും ക്ലാസ്സെടുത്തു. ചാലക്കുടി SFO പ്രസിഡന്റ് കെ.കെ. തോമസിന് 'അസ്സീസി ട്രീ' കൊടുത്ത് ബഹു. ജോബി മേനോത്ത് (അസി. വികാരി, ചാലക്കുടി ഫൊറോന) വൃക്ഷതൈ വിതരണം ഉദ്ഘാടനം ചെയ്തു. യോഗത്തിൽ രൂപത SFO ഡയറക്ടർ ഫാ. പീറ്റർ പഞ്ഞിക്കാരൻ OFM Cap. അദ്ധ്യക്ഷനായിരുന്നു. യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും വൃക്ഷതൈ നൽകി. ഈ വർഷം തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്കുള്ള നേതൃത്വ പരിശീലന ക്ലാസ്സ് റവ. സി. ഫ്ളോറൻസ് FCC നൽകി.

**2 പ്രാർത്ഥനാദിനം**

മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ദിനമായ ജൂലായ് 3ന് അല്മായ ഫ്രാൻസിസ്കൻ സഭാംഗങ്ങൾ പ്രാർത്ഥനാദിനമായി ആചരിക്കുന്നു. അഴീക്കോട് മാർതോമാ തീർത്ഥകേന്ദ്രത്തിൽ 9.30ന് പതാക ഉയർത്തും. പിന്നീട് തിരുനാൾ കുർബാനയും സന്ദേശവും. തുടർന്ന് സെമിനാർ ക്ലാസ്സും ഉണ്ടായിരിക്കും.

**ഫാ. പീറ്റർ പഞ്ഞിക്കാരൻ OFM Cap.**
ഡയറക്ടർ

---

## കരിസ്മാറ്റിക് മൂവ്മെന്റ്

**മദ്ധ്യസ്ഥ പ്രാർത്ഥനാദിനം**

രൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 2 തിങ്കളാഴ്ച രാവിലെ 10 മുതൽ 3 വരെ മദ്ധ്യസ്ഥ പ്രാർത്ഥനാദിനമായി ആചരിക്കുന്നു. എല്ലാ ഇടവക പ്രാർത്ഥനാഗ്രൂപ്പംഗങ്ങളും പങ്കെടുക്കണേ.

**കരിസ്മാറ്റിക് രൂപതാ സർവ്വീസ് ടീം മീറ്റിങ്ങ്**

ജൂലൈ 16-ാം തിയ്യതി തിങ്കളാഴ്ച ഉച്ചതിരിഞ്ഞ് 2 മുതൽ 5 വരെ സർവ്വീസ് ടീം ഒത്തു ചേരുന്നു.

**ഫാ. ജോയ് തറയ്ക്കൽ**
ഡയറക്ടർ

# ചെന്നൈമിഷൻ വാർത്തകൾ

1. **സാന്തോം സ്നേഹതീരം :** സാന്തോം സ്നേഹതീരത്തിന്റെ 'ഹോം ഡേ' ജൂലൈ 7–ന് അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ വി. കുർബാനയോടെ ആഘോഷിക്കുന്നു. സ്നേഹവിരുന്നിനുശേഷം പൊതുസമ്മേളനമുണ്ടായിരിക്കും. അന്നുതന്നെ സ്നേഹതീരത്തിന്റെ 'സുവനീർ പ്രകാശനം' ചെയ്യുന്നു.
2 **ഇടയസന്ദർശനം**
ജൂലൈ 8–ാം തിയ്യതി അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് വത്സരവാക്കം, മുഗപ്പെയർ ഇടവകകളിൽ സന്ദർശനം നടത്തുന്നു.
3 **തിരുനാളുകൾ :** അയനാവരം ഇടവക മദ്ധ്യസ്ഥനായ വി. തോമാശ്ലീഹായുടെയും വി. അന്തോണീസിന്റെയും തിരുനാൾ ഊട്ടുതിരുനാളായി ജൂലൈ 15–ാം തിയ്യതി ആഘോഷിക്കുന്നു. ജൂലൈ 29–ാം തിയ്യതി പൊഴിച്ചെല്ലൂർ കൂട്ടായ്മയുടെ മദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിക്കുന്നു.
4 **മിഷൻ അപ്പീൽ :** മിഷൻ അപ്പീൽ വഴിയായി ചെന്നൈ മിഷനെ സഹായിച്ച എല്ലാ ഇടവക ജനങ്ങൾക്കും അവസരം നൽകി പ്രോത്സാഹിപ്പിച്ച വികാരിയച്ചന്മാർക്കും നന്ദിയർപ്പിക്കുന്നു.

**സഹായിച്ച പള്ളികൾ**

| | | | | | |
|---|---|---|---|---|---|
| കാരൂർ | – | 133000 | പുത്തൻവേലിക്കര | – | 145351 |
| വള്ളിവട്ടം | – | 107200 | വല്ലക്കുന്ന് | – | 96000 |

**മോൺ. ജോസ് പാലാട്ടി**
കോ–ഓർഡിനേറ്റർ




## ആദരാഞ്ജലികൾ
**സി. മാഴ്സൽ സി.എച്ച്.എഫ്.**



പൂവത്തുശ്ശേരി ഇടവകയിൽ കാച്ചപ്പിള്ളി പൗലോസ് - കൊച്ചുമറിയം ദമ്പതികളുടെ മകളായി 1938 ആഗസ്റ്റ് 26ന് കുഞ്ഞന്നം ഭൂജാതയായി. സി.മാഴ്സൽ എന്ന പേരോടെ 18/05/1960ൽ ആദ്യവ്രതവും 14/04/1964 ൽ നിത്യവ്രതവും സ്വീകരിച്ചു. അദ്ധ്യാപികയായിരുന്ന സിസ്റ്റർ ചെന്നൈമിഷനിലും, കുടുംബപ്രേഷിതരംഗത്ത് പ്രത്യേകിച്ച് നവചൈതന്യ ഡി അഡിക്ഷൻ സെന്ററിലും നിസ്തുലമായ സേവനം കാഴ്ചവച്ചിട്ടുണ്ട്. കുഴിക്കാട്ടുശ്ശേരി ഹോളി ഫാമിലി കോൺവെന്റിൽ രോഗാവസ്ഥയിലായിരിക്കെ ജൂൺ 4 ന് തിരുനാഥന്റെ സന്നിധിയിലേക്ക് പറന്നുയർന്ന പ്രിയപ്പെട്ട സി.മാഴ്സലിന് പ്രാർത്ഥനയോടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# യുവജനവർഷം

* **ജൂൺ 1 :** അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ നേതൃത്വത്തിൽ ബഹു. വൈദികരെയും സിസ്റ്റേഴ്സിനെയും അത്മായരെയും ഒരുമിച്ചുകൂട്ടി ഒരു റിസോഴ്സ് ടീമിനു രൂപം നൽകി. യുവജനവർഷത്തിൽ ഇടവകകളിൽ ക്ലാസ്സുകൾ നയിക്കുന്നതിനുവേണ്ടിയും ഓരോ ഇടവകയിലെയും തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾക്കു ക്ലാസ്സുകൾ നൽകുന്നതിനുവേണ്ടിയുമാണ് ഇത്.
* **ജൂൺ 8 :** "വിശ്വാസജീവിതവും വെല്ലുവിളികളും" എന്ന വിഷയത്തെ ആസ്പദമാക്കി കല്ലേറ്റുംകര പാക്സിൽ റിസോഴ്സ് ടീമിലെ അംഗങ്ങൾക്കായി റവ. ഡോ. വിൻസെന്റ് കുണ്ടുകുളം, റവ. ഫാ. ജോളി വടക്കൻ എന്നിവർ ക്ലാസ്സുകളെടുത്തു.
* **ജൂൺ 15 :** "മൂല്യാവബോധം, സാമൂഹികപ്രതിബദ്ധതയും പരിസ്ഥിതി സംരക്ഷണവും" എന്നീ വിഷയങ്ങളെക്കുറിച്ച് ഡോ. ഹോർമിസ് മൈനാട്ടി ക്ലാസ്സെടുത്തു.

4* **ജൂൺ 15 :** "മാധ്യമങ്ങളെക്കുറിച്ച് റവ. ഡോ. സെബാസ്റ്റ്യൻ പുന്നശ്ശേരി ക്ലാസ്സ് നയിച്ചു.

* യുവജനവർഷാചരണത്തിന്റെ ഭാഗമായി www. younews.com എന്ന പേരിൽ ആരംഭിച്ച വെബ്സൈറ്റ് അഭിവന്ദ്യ പോളി പിതാവ് ആശീർവ്വദിച്ചു.
* **കാരൂർ :** യുവജനവർഷാചരണത്തിന്റെ ഭാഗമായി നൂറുകണക്കിന് യുവതീയുവാക്കൾ യുവജനവർഷദീപം തെളിച്ച്, യുവജനവർഷപ്രതിജ്ഞയെടുത്തു. കാരൂർ ഇടവകയെ സമ്പൂർണ്ണനേത്രദാനഗ്രാമമായി പ്രഖ്യാപിക്കുന്ന പദ്ധതിക്ക് സമ്മതപത്രം നൽകി. യുവാക്കളുടെ നേതൃത്വത്തിൽ യുവജനവർഷവിളംബരജാഥ സംഘടിപ്പിച്ചു. അന്തരിച്ച biotechnology ശാസ്ജ്ഞത്രൻ ഡോ. ജോർജ്ജ് തോട്ടാപ്പിള്ളിയുടെ അനുസ്മരണാർത്ഥം "ഫലസമ്പുഷ്ടനാട്" എന്ന പേരിൽ പരസ്യദിനാചരണം നടത്തി.
* **അമ്പഴക്കാട് :** മെയ് 27-ാം തിയ്യതി ഉദ്ഘാടനം നിർവ്വഹിക്കപ്പെട്ടു. വാഹനവിളംബരജാഥ, പൊതുസമ്മേളനം എന്നിവ സംഘടിപ്പിക്കപ്പെട്ടു. ദിവ്യബലിക്ക് യുവജനങ്ങളുടെ സജീവപങ്കാളിത്തം ഉണ്ടായിരുന്നു. എല്ലാ യുവജനങ്ങൾക്കും പ്രാർത്ഥനാകാർഡും ജപമാലയും വിതരണം ചെയ്തു. യുവജനങ്ങൾക്കായി ഒരു പുതിയ വെബ്സൈറ്റ് ആരംഭിച്ചു.
* **ആളൂർ വരപ്രസാദനാഥ :** യുവജനവർഷ ഉദ്ഘാടനത്തിന്റെ ഭാഗമായി വിളംബരറാലിയും നേത്രദാനസമ്മതപത്രികസമർപ്പണവും നടത്തപ്പെട്ടു. ജൂൺ 10 ഞായറാഴ്ച റോഡ് സുരക്ഷാസെമിനാറും പച്ചക്കറിവിത്തുവിതരണവും സംഘടിപ്പിച്ചു. യുവജനവർഷസമാപനത്തിൽ, അർഹതയുള്ള യുവതീയുവാക്കളെ സഹായിക്കാനുള്ള സംഖ്യ സ്വരൂപിക്കുന്ന പദ്ധതിയും ആരംഭിച്ചു.

# ഇടയന്റെ നാളെകൾ

**ജൂലൈ 2012**

| | | |
|---|---|---|
| 1 | | ഇടയസന്ദർശനം, കനകമല പള്ളി |
| 2 | 2.00 pm | വിദ്യാജ്യോതി ഇരിങ്ങാലക്കുട |
| 3 | 6.30 am | മംഗലപ്പുഴ സെമിനാരി |
| | 10.15 am | അമ്പഴക്കാട് ഫൊറോന പള്ളി |
| | 1.00 pm | കൊടുങ്ങല്ലൂർ സെന്റ് മേരീസ് പള്ളി |
| | 2.00 pm | വിദ്യാജ്യോതി ഇരിങ്ങാലക്കുട |
| | 6.30 pm | ആനത്തടം പള്ളി |
| 4–6 | | ഇരിങ്ങാലക്കുട |
| 7 | | സാന്തോം സ്നേഹതീരം ചെന്നൈ |
| 8 | | ചെന്നൈ |
| 9 | 10.00 am | PACS കല്ലേറ്റുംകര |
| 10 | | സന്ദർശകദിനം |
| 11 | 6.30 am | PACS കല്ലേറ്റുംകര |
| 12 | | ഇരിങ്ങാലക്കുട |
| 13 | | പ്രാർത്ഥനാദിനം |
| 14 | 2.00 pm | കടുപ്പശ്ശേരി |
| | 4.00 pm | വെള്ളാഞ്ചിറ കോൺവെന്റ് |
| 15 | 10.00 am | സെന്റ് ജോസഫ് കോളേജ് ഇരിങ്ങാലക്കുട |
| | 12.00 Noon | കൊടകര |
| | 4.00 pm | മേലൂർ പള്ളി |
| 16 | 10.00 am | PACS കല്ലേറ്റുംകര |
| | 11.30 am | കാർമ്മൽ കോളേജ് മാള |
| 17 | | സന്ദർശകദിനം |
| 18 | 6.30 am | PACS കല്ലേറ്റുംകര |
| | 12.00 Noon | വിദ്യാജ്യോതി ഇരിങ്ങാലക്കുട |
| 19 | 6.30 am | അൽവേർണിയ കോൺവെന്റ് ഇരിങ്ങാലക്കുട |
| 20 | 6.45 am | നവചൈതന്യ ആളൂർ |
| | 12.00 Noon | PACS കല്ലേറ്റുംകര |
| 21 | 9.00 am | മാള ഫൊറോന പള്ളി |
| | 5.00 pm | വെളയനാട് പള്ളി |
| 22 | | ഇടയസന്ദർശനം എടക്കുളം പള്ളി |
| 23 | 6.30 am | ഹോളിക്രോസ് കോൺവെന്റ്, കല്ലേറ്റുംകര |
| | 10.30 am | കനകമല പള്ളി |
| 24 | | സന്ദർശകദിനം |
| 25 | 8.30 am | സെന്റ് ജെയിംസ് ഹോസ്പിറ്റൽ ചാലക്കുടി |
| | 2.30 pm | ചാലക്കുടി |
| 26 | 6.30 am | മൈനർ സെമിനാരി, ഇരിങ്ങാലക്കുട |
| 27 | | പ്രാർത്ഥനാദിനം |
| 28 | 2.30 pm | സ്വീറ്റ് ഹോം പുത്തൻചിറ ഈസ്റ്റ് |
| 29 | | പോട്ടച്ചേരി |
| 30 | | ഇരിങ്ങാലക്കുട |
| 31 | | സന്ദർശകദിനം |

# ഇടയന്റെ ഇന്നലെകൾ

**ജൂൺ 2012**

| | | |
|---|---|---|
| 1 | 1015 am | ഇരിങ്ങാലക്കുട സോഷ്യൽ ആക്ഷനിൽ "ആദരണീയം 2012" ഉദ്ഘാടനം ചെയ്തു. |
| | 4.00 pm | ഇരിങ്ങാലക്കുടെ ബെത്സൈദാ ഭവനത്തിലെ വാർഷികാഘോഷങ്ങളിൽ പങ്കെടുത്തു. |
| | 6.30 pm | കല്ലേറ്റുംകര PACS-ൽ യുവജനവർഷത്തിന്റെ റിസോഴ്സ് ടീം സംഗമത്തിൽ അധ്യക്ഷത വഹിച്ചു. |
| 2 | 9.30 am | കുഴിക്കാട്ടുശ്ശേരി ഹോളിഫാമിലി കോൺവെന്റിൽ അഖില കേരള കുടുംബസംഗമം ഉദ്ഘാടനം ചെയ്തു. |
| | 5.30 pm | വെള്ളാനി ഇടവകയിൽ പുതുതായി നിർമ്മിച്ച സിമിത്തേരി കപ്പേള വെഞ്ചരിച്ചു; വി. കുർബാന അർപ്പിച്ചു. |
| | 7.30 pm | ആളൂർ തിരുഹൃദയ ഭവനത്തിൽ 4-ാം വർഷ സെമിനാരിക്കാരുമായി കൂടിക്കാഴ്ച നടത്തി. |
| 3 | 9.15 am | കുറ്റിക്കാട് ഫൊറോന ദേവാലയത്തിൽ വിശ്വാസപരിശീലന അധ്യയനവർഷത്തിന്റെ രൂപതാതല ഉദ്ഘാടനം നടത്തി; വി. ബലി അർപ്പിച്ചു |
| | 7.00 pm | ഇരിങ്ങാലക്കുട സെന്റ് മേരീസ് 2-ാം യൂണിറ്റിന്റെ വാർഷികം ഉദ്ഘാടനം ചെയ്തു. |
| 4 | 06.30 am | പുളിയിലക്കുന്ന് ബാലഭവനിൽ വി. ബലി അർപ്പിച്ചു. |
| | 09.30 am | വിവിധ മീറ്റിംഗുകളിൽ പങ്കെടുത്തു. |
| | 05.30 pm | സഹൃദയ കോളേജിന്റെ ബോർഡ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| 5-7 | | പാലാരിവട്ടം പി.ഒ.സി.യിൽ KCBC മീറ്റിംഗിൽ പങ്കെടുത്തു. |
| 8 | 09.15 am | കുഴിക്കാട്ടുശ്ശേരി വാ. മറിയംത്രേസ്യയുടെ തിരുനാളിനോടനുബന്ധിച്ച് നേർച്ച ഭക്ഷണം വെഞ്ചരിച്ചു. വി. ബലി അർപ്പിച്ച് സന്ദേശം നൽകി. |
| 9 | 07.00 am | കണ്ണിക്കര സെന്റ് പോൾ കോൺവെന്റിൽ വി. ബലി അർപ്പിച്ചു. |
| | 10.00 am | പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. |
| | 04.00 pm | യുവജനവർഷത്തിന്റെ കമ്മറ്റി മീറ്റിംഗിൽ പങ്കെടുത്തു. |
| 10 | 06.30 am | കൊടുങ്ങല്ലൂർ സെന്റ് മേരീസ് ദേവാലയത്തിൽ വി. ബലി അർപ്പിച്ചു; മതബോധന വിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി. |
| | 03.00 pm | കോഴിക്കോട് രൂപതയുടെ മെത്രാനായ റൈറ്റ്. റവ. ഡോ. വർഗ്ഗീസ് ചക്കാലക്കലിന്റെ സ്ഥാനാരോഹണ കർമ്മങ്ങളിൽ പങ്കെടുത്തു. |
| 11 | 06.30 am | ഇരിങ്ങാലക്കുട പ്രതീക്ഷാഭവനിൽ വി. ബലി അർപ്പിച്ചു. |
| | 09.00 am | വിവിധ മീറ്റിംഗുകളിൽ പങ്കെടുത്തു. |
| | 03.00 pm | കൊടകര സഹൃദയ എൻജിനീയറിംഗ് കോളേജിൽ അദ്ധ്യയനവർഷം ഉദ്ഘാടനം ചെയ്തു. |

12 06.00 am ഇരിങ്ങാലക്കുട സെന്റ് ജോസഫ് കോളേജ് ചാപ്പലിൽ 13 മണിക്കൂർ ആരാധനയുടെ പ്രാരംഭകർമ്മങ്ങൾക്ക് നേതൃത്വം നൽകി.

08.30 am സന്ദർശകരെ സ്വീകരിച്ചു.

04.30 pm ബ്ലസ് എ ഹോം പദ്ധതിയുടെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

13 06.30 am പടിഞ്ഞാറെ ചാലക്കുടി സെന്റ് പോൾസ് FCC കോൺവെന്റിൽ വി. ബലി അർപ്പിച്ചു.

14 06.30 am ഇരിങ്ങാലക്കുട ശാന്തിസദനത്തിൽ വി. ബലി അർപ്പിച്ചു.

10.30 am ഇരിങ്ങാലക്കുട സോഷ്യൽ ആക്ഷന്റെ ജനറൽബോഡി മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

04.00 pm രൂപതയിലെ റീജൻസി ബ്രദേഴ്സുമായി കൂടിക്കാഴ്ച നടത്തി.

15. 06.45 am ആളൂർ നവചൈതന്യയിൽ വി. ബലി അർപ്പിച്ചു.

11.30 am ആളൂർ തിരുഹൃദയഭവനത്തിൽ തിരുഹൃദയത്തിരുനാൾ ആഘോഷങ്ങളിൽ പങ്കെടുത്തു.

16 10.30 am പുൽപ്പാറക്കുന്ന് സഹൃദയ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിൽ അക്കാദമിക് കൗൺസിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

02.00 pm രൂപതാഭവനത്തിൽ നടന്ന ഏകോപനസമിതി ജനറൽബോഡി മീറ്റിംഗിൽ അധ്യക്ഷപദം അലങ്കരിച്ചു.

06.00 pm കല്ലേറ്റുംകര PACS-ൽ വിൻസന്റ് ഡി പോൾ സംഘടനയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

17 09.30 am ഇരിങ്ങാലക്കുട സ്പിരിച്വാലിറ്റി സെന്ററിൽ രൂപതാ പ്രാർത്ഥനാദിനത്തിന്റെ ഭാഗമായി ആരാധനയിൽ പങ്കെടുത്തു.

02.30 pm കുഴിക്കാട്ടുശ്ശേരി കോൺവെന്റിൽ റവ. സി. മാർസൽ CHF-ന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

03.00 pm ഇരിങ്ങാലക്കുട സ്പിരിച്വാലിറ്റി സെന്ററിൽ വി. ബലി അർപ്പിച്ചു.

04.30 pm ഇരിങ്ങാലക്കുട ലിറ്റിൽ ഫ്ളവർ കോൺവെന്റിൽ റവ. സി. റോക്ക് CMC-യുടെ മൃതസംസ്കാര കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

18. 10.00 am തൊടുപുഴയിൽ SABS സമർപ്പിതരുടെ പ്രൊവിൻഷ്യൽ ഹൗസിൽ വി. ബലി അർപ്പിച്ചു.

19 06.30 am ഇരിങ്ങാലക്കുട അൽവേർണിയ FCC കോൺവെന്റിൽ വി. ബലി അർപ്പിച്ചു.

09.00 am സന്ദർശകരെ സ്വീകരിച്ചു.

05.00 pm ചാലക്കുടിയിൽ സെന്റ് ജെയിംസ് ആശുപത്രി ട്രസ്റ്റ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

20 08.00 am നാഗ്പൂർ ആർച്ച്ബിഷപ്പ് മോസ്റ്റ് റവ. ഡോ. എബ്രാഹം വിരുതുകുളങ്ങരയെ രൂപതാഭവനത്തിൽ സ്വീകരിച്ചു.

| | | |
|---|---|---|
| | 10.30 am | ആളൂർ BLM–ൽ കരിസ്മാറ്റിക് റീജിയൻ സംഗമത്തിൽ പങ്കെടുത്തു. |
| | 11.30 am | മാള കരുണാഭവൻ കോൺവെന്റിൽ വി. ബലി അർപ്പിച്ചു. |
| | 06.00 pm | പുല്ലൂർ SH ഹോസ്പിറ്റലിൽ തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് വി. ബലി അർപ്പിച്ചു. |
| 21 | 10.30 am | ഇഞ്ചക്കുണ്ട് ചാരിറ്റി കോൺവെന്റിന്റെ ജൂബിലി ആഘോഷസമാപനത്തിൽ വി. ബലി അർപ്പിച്ചു. |
| | 01.30 pm | ചാലക്കുടി AVARD-ൽ തിരുഹൃദയപ്രതിഷ്ഠ നടത്തി. |
| | 02.30 pm | മേഴ്സി ട്രസ്റ്റിന്റെ സ്കോളർഷിപ്പ് വിതരണം ഉദ്ഘാടനം ചെയ്തു. |
| 22 | 06.30 am | ഇരിങ്ങാലക്കുട മൈനർ സെമിനാരിയിൽ വി. ബലി അർപ്പിച്ചു. |
| | 09.30 am | പുൽപ്പാറക്കുന്ന് സഹൃദയ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് വെഞ്ചരിച്ചു. |
| | 03.30 pm | ചാലക്കുടി സെന്റ് ജെയിംസ് മെഡിക്കൽ അക്കാദമിയിൽ ഉന്നതവിജയം കരസ്ഥമാക്കിയ B.Pharm വിദ്യാർത്ഥികളുടെ അനുമോദനസമ്മേളനം ഉദ്ഘാടനം ചെയ്തു. |
| 23 | 06.30 am | തുമ്പൂർ ഹോളിഫാമിലി കോൺവെന്റിൽ വി. ബലി അർപ്പിച്ചു. |
| 24 | | ചെന്നൈ മിഷനിൽ പെരമ്പൂർ, ഒട്ടേരി ഇടവകകൾ സന്ദർശിച്ചു |
| 25 | 10.00 am | കല്ലേറ്റുംകര PACS-ൽ വൈദികരുടെ വാർഷികധ്യാനത്തിന്റെ ഒന്നാം ഗണത്തിന് പ്രാരംഭ സന്ദേശം നൽകി. |
| 26 | 06.30 am | ഇരിങ്ങാലക്കുട ശാന്തിസദനത്തിൽ വി. ബലി അർപ്പിച്ചു. |
| | 08.30 am | സന്ദർശകരെ സ്വീകരിച്ചു. |
| | 05.00 pm | പോട്ട ഇടവകയിൽ നവചൈതന്യയുടെ നേതൃത്വത്തിൽ നടന്ന മദ്യവിരുദ്ധദിനം ഉദ്ഘാടനം ചെയ്തു. |
| 27 | 06.30 am | കല്ലേറ്റുംകര PACS-ൽ വൈദികരുടെ വാർഷികധ്യാനത്തിന് വി. കുർബാന അർപ്പിച്ചു. |
| 28 | 06.30 am | ഇരിങ്ങാലക്കുട ഉദയ പ്രൊവിൻഷ്യൽ ഹൗസിൽ വി. ബലി അർപ്പിച്ചു. |
| 29 | 07.15 am | ഇരിങ്ങാലക്കുട കത്തീഡ്രൽ ദേവാലയത്തിൽ രൂപതാദ്ധ്യക്ഷന്റെ നാമഹേതുക തിരുനാളിനോടനുബന്ധിച്ച് വി. ബലി അർപ്പിച്ചു. |
| | 12 Noon | വൈദികരുടെ വാർഷികധ്യാനത്തിന്റെ സമാപനസന്ദേശം നൽകി. |
| | 01.00 pm | രൂപതയിലെ വൈദികരോടൊപ്പം PACS-ൽ വി. പൗലോസ് ശ്ലീഹായുടെ തിരുനാൾ ആഘോഷിച്ചു. |
| 30 | | കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ മീറ്റിങ്ങിൽ പങ്കെടുത്തു. |
| | 05.00 pm | ഇരിങ്ങാലക്കുട മൈനർ സെമിനാരിയിൽ 'സെന്റ് പോൾസ് ഡേ' ആഘോഷങ്ങളിൽ പങ്കെടുത്തു. |